2023
APRIL
28
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES



## രാജ്യത്ത് പുതിയൊരു വിമാന കമ്പനി കൂടി; ഫ്ളൈ 91

**ന്യൂഡൽഹി:** രാജ്യത്ത് പുതിയൊരു വിമാന കമ്പനി കൂടി ആരംഭിക്കുന്നു; തൃശൂർ സ്വദേശി മനോജ് ചാക്കോ നേതൃത്വം നൽകുന്ന ഫ്ളൈ 91 എയർലൈൻസ് വിമാനക്കമ്പനിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയം അംഗീകാരം നൽകി. ഇന്ത്യയുടെ ടെലിഫോൺ കോഡ് ആയ 91 സൂചിപ്പിച്ചാണു കമ്പനിക്കു പേരിട്ടിരിക്കുന്നത്. കിങ് ഫിഷർ എയർലൈൻസിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റായിരുന്ന മനോജിന് വ്യോമയാന മേഖലയിൽ വർഷങ്ങളുടെ അനുഭവ പരിചയമുണ്ട്.

ചെറു പട്ടണങ്ങളെ ആകാശമാർഗം കോർത്തിണക്കുന്ന ഉഡാൻ പദ്ധതിയുടെ ഭാഗമായി സർവീസ് നടത്തുകയാണു കമ്പനിയുടെ ലക്ഷ്യം. ഗോവ ആസ്ഥാനമായി സ്ഥാപിക്കുന്ന കമ്പനി ഒക്ടോബറിൽ സർവീസ് ആരംഭിക്കുമെന്ന് മനോജ് പറഞ്ഞു. കേരളത്തിലേക്കടക്കം സർവീസ് ആരംഭിക്കുന്നത് പരിഗണനയിലുണ്ട്. അയൽ സംസ്ഥാനങ്ങളിലെ 2 നഗരങ്ങളെ ബന്ധിപ്പിക്കുന്ന രീതിയിലാകും ആദ്യ ഘട്ടത്തിൽ സർവീസ് നടത്തുകയെന്നും അദ്ദേഹം പറഞ്ഞു.

വ്യോമയാന ഡയറക്ടറേറ്റ് ജനറലിന്റെ (ഡിജിസിഎ) എയർ ഓപ്പറേറ്റർ പെർമിറ്റാണ് ഇനി ലഭിക്കാനുള്ളത്. എടിആർ 72 വിമാനങ്ങളിലായിരിക്കും ഫ്ലൈ 91 എയർലൈൻസ് പറക്കുക. 70 യാത്രക്കാരെ വഹിക്കാവുന്ന വിമാനമാണിത്. അടുത്ത 5 വർഷത്തേക്ക് പ്രതിവർഷം 6 എടിആർ വിമാനങ്ങൾ വീതം പാട്ടത്തിനെടുക്കാനാണു കമ്പനി ലക്ഷ്യമിടുന്നത്.

## മൈക്രോസോഫ്റ്റ്: ലാഭത്തിൽ വർധന

**വാഷിങ്ടൺ:** മൈക്രോസോഫ്റ്റ് ജനുവരി,മാർച്ച് കാലയളവിൽ ഒൻപത് ശതമാനം വർധനയോടെ 1830 കോടി ഡോളർ ലാഭം നേടി. വരുമാനം 5290 കോടി ഡോളർ. വളർച്ച 7 ശതമാനം.

ചാറ്റ്ജിപിടി ഡവലപർമാരായ ഓപൺ എഐയിലെ നിക്ഷേപവും ചാറ്റ്ജിപിടി പിന്തുണയോടെ ബിങ് ബ്രൗസർ പരിഷ്കരിച്ചതും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്ലൗഡ് കംപ്യൂട്ടിങ് രംഗത്ത് മൈക്രോസോഫ്റ്റിനെ മുൻനിരയിലേക്ക് എത്തിച്ചതാണ് കമ്പനിയുടെ വളർച്ചയെ സഹായിച്ച മുഖ്യഘടകങ്ങളിലൊന്ന്.

### ഉഭയകക്ഷി കരാറുകൾ പ്രകാരം പ്രശ്നപരിഹാരം വേണം

# ചൈനയ്ക്ക് ഇന്ത്യയുടെ കർശന നിർദേശം

**ന്യൂഡൽഹി:** ഗൽവാൻ സംഘർഷത്തിനു ശേഷം ഇന്ത്യ, ചൈന പ്രതിരോധ മന്ത്രിമാർ ആദ്യമായി കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയിൽ ചൈനയ്ക്ക് കർശന നിർദേശം നൽകി ഇന്ത്യൻ പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്. നിലവിലുള്ള കരാറുകളുടെ ലംഘനം ഉഭയകക്ഷി ബന്ധത്തിന്റെ മുഴുവൻ അടിത്തറയും ഇല്ലാതാക്കിയെന്ന് ഇന്ത്യ ചൈനയെ അറിയിച്ചു.




നിയമന്ത്രണ രേഖയിൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. ഉഭയകക്ഷി കരാറുകൾ പ്രകാരം പ്രശ്നപരിഹാരം ഉണ്ടാകണം. പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് അതിർത്തിയിലെ പിന്മാറ്റം യുക്തിസഹമായി തുടരുമെന്നും രാജ്നാഥ് സിങ് അറിയിച്ചു. ഷാങ്ഹായ് ഉച്ചകോടിയുടെ ഭാഗമായാണ് ചൈനീസ് പ്രതിരോധ മന്ത്രി ജനറൽ ലി ഷാങ്ഫു ഇന്ത്യയിൽ എത്തിയത്.

ഇതിന് മുൻപ് സൈനിക തലത്തിൽ 18 തവണ ചർച്ച നടത്തിയിരുന്നു. ചർച്ചയുടെ ഫലമായി ഗൽവാൻ, ലഡാക്ക്, പാംഗോങ് എന്നിവിടങ്ങളിൽ സംഘർഷ സാധ്യത ഇല്ലാതാക്കി. ചൈന വ്യാപകമായി സ്ഥലം കയ്യേറിയ ഡെംചോങ്, ഡെപ്സാങ് എന്നിവിടങ്ങളിൽ ഇപ്പോഴും സംഘർഷ സാധ്യത നിലനൽക്കുകയാണ്.

## മാരുതി: ലാഭം 8211 കോടി, പുതിയ പ്ലാന്റ് സ്ഥാപിക്കും

**ന്യൂഡൽഹി:** മാരുതി സുസുക്കി ഇന്ത്യ മാർച്ചിൽ അവസാനിച്ച മൂന്നു മാസത്തിൽ 2671 കോടി രൂപ ലാഭം നേടി. 2021,22 സാമ്പത്തിക വർഷം ഇതേ കാലയളവുമായി താരതമ്യപ്പെടുത്തിയാൽ 42 ശതമാനം വർധന. മൊത്തം വിൽപ്പന 32,060 കോടി രൂപ. കഴിഞ്ഞ സാമ്പത്തിക വർഷം കമ്പനി 8211 കോടി രൂപയുടെ ലാഭം നേടി. 2021, 22ൽ ഇത് 3879 കോടിയായിരുന്നു. മൊത്തം വിൽപ്പന 1,17,571 കോടി രൂപയാണ്. വാഹന ഉൽപാദനത്തിൽ 10 ലക്ഷത്തിന്റെ വർധന വരുത്താനും ബോർഡ് യോഗം തീരുമാനിച്ചു.

ഒരു ഓഹരിക്ക് 90 രൂപ നിരക്കിൽ ലാഭവിഹിതം പ്രഖ്യാപിച്ചു. എൻഎസ്ഇയിൽ ഓഹരി വില 8506.90 രൂപയിലെത്തി. ഉൽപാദന ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രതിവർഷം 10 ലക്ഷം യൂണിറ്റുകൾ നിർമിക്കുന്ന പുതിയ പ്ലാന്റ് സ്ഥാപിക്കാനും കമ്പനി ആലോചിക്കുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം പദ്ധതി ചെലവിനായി 8000 കോടി രൂപ വകയിരുത്തി.

എന്നാൽ പുതിയ പ്ലാന്റ് എവിടെ സ്ഥാപിക്കുമെന്നോ, നിക്ഷേപം എത്രയെന്നോ തീരുമാനിച്ചിട്ടില്ല. 2025ൽ കമ്മിഷൻ ചെയ്യുന്ന ഹരിയാനയിലെ സോനിപ്പത്ത് പ്ലാന്റിനൊപ്പം പുതിയ പ്ലാന്റിന്റെ പ്രവർത്തനവും നടപ്പാക്കുകയാണ് ലക്ഷ്യമെന്ന് കമ്പനി ചെയർമാൻ ആർ. സി. ഭാർഗവ പറഞ്ഞു. സോനിപ്പത്ത് പ്ലാന്റിന്റെ ആദ്യ ഘട്ടത്തിന് 11,000 കോടി രൂപയാണ് മുതൽ മുടക്ക്.

## യൂറോ വിനിമയം: നിയമാവലി പരിഷ്കരിക്കാൻ ഇയു

**ബ്രസൽസ്:** യൂറോപ്യൻ യൂണിയന്റെ പൊതു കറൻസിയായ 'യൂറോ'യുടെ വിനിമയവുമായി ബന്ധപ്പെട്ട നിയമാവലി പരിഷ്കരിക്കാൻ യൂറോപ്യൻ യൂണിയൻ. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മറികടക്കുക, റഷ്യ, യുക്രെയ്ൻ യുദ്ധം മൂലമുണ്ടായ അനിശ്ചിതത്വം തരണം ചെയ്യുക എന്നീ ലക്ഷ്യത്തോടെയാണ് യൂറോ ഉപയോഗിക്കുന്ന യൂറോപ്യൻ രാജ്യങ്ങളോട് പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് നിർദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

പുതിയ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന വ്യവസ്ഥകളാവും നടപ്പാക്കുന്നതെന്ന് യൂറോപ്യൻ കമ്മിഷൻ പറയുന്നു. ധനപരമായ നയങ്ങൾ, പരിഷ്കാരങ്ങൾ, നടപ്പാക്കുന്ന പുതിയ നിക്ഷേപങ്ങൾ തുടങ്ങിയവ കണക്കിലെടുത്ത് 4 വർഷം ലക്ഷ്യമാക്കിയുള്ള നിർദേശങ്ങൾ വേണം സമർപ്പിക്കാൻ.





വിശ്വ രക്ഷാ യാഗ സമിതിയുടെ നേതൃത്വത്തിൽ എറണാകുളം പാവക്കുളം മഹാദേവക്ഷേത്രത്തിൽ പൊള്ളാച്ചി ശ്രീ ആദിശക്തി ഭുവനേശ്വരി പീഠത്തിലെ ശ്രീദത്താത്രേയ അവധൂത ഗുരുപരമ്പര ബ്രഹ്മശ്രീ ജിതേഷ് സുബ്രമഹ്ണ്യത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ രണ്ടാം ദിനമായ ഇന്നലെ നടന്ന നവചണ്ഡികാ യാഗം

# പാവക്കുളത്ത് നവചണ്ഡികാ യാഗത്തിന് സാമ്രാജ്യ ലക്ഷ്മി പൂജയോടെ ഇന്ന് സമാപനം

**കൊച്ചി:** ലോക ക്ഷേമത്തിനും മനുഷ്യ നന്മയ്ക്കുമായി വിശ്വ രക്ഷാ യാഗ സമിതിയുടെ നേതൃത്വത്തിൽ കേരളത്തിലെ 14 ജില്ലകളിലും ഭാരതത്തിലെ പ്രസിദ്ധങ്ങളായ ശക്തി പീഠങ്ങളിൽ നിന്നുള്ള മഹാ സാധകർ നേരിട്ട് നടത്തുന്ന നവചണ്ഡികാ യാഗം എറണാകുളം ജില്ലയിൽ ഇന്ന് സമാപിക്കും.

എറണാകുളം പാവക്കുളം മഹാദേവക്ഷേത്രത്തിൽ പൊള്ളാച്ചി ശ്രീ ആദിശക്തി ഭുവനേശ്വരി പീഠത്തിലെ ശ്രീദത്താത്രേയ അവധൂത ഗുരുപരമ്പര ബ്രഹ്മശ്രീ ജിതേഷ് സുബ്രമഹ്ണ്യത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ കഴിഞ്ഞ രണ്ടു ദിവസമായി നടന്നുവന്ന യാഗം സാമ്രാജ്യ ലക്ഷ്മി പൂജയോടെയാണ് ഇന്ന് സമാപിക്കുന്നത്. യാഗത്തിന് സമാപനം കുറിച്ച് ഉച്ചയ്ക്ക് 12 ന് മഹാപൂർണാഹുതിയും നടക്കും. നൂറു കണക്കിന് ഭക്തരാണ് രണ്ടാം ദിനമായിരുന്ന ഇന്നലെയും യാഗത്തിൽ പങ്കെടുത്ത് അനുഗ്രഹം നേടാനായി പാവക്കുളം ക്ഷേത്രത്തിൽ എത്തിയത്.

സ്വാമിനി വിഷ്ണുപ്രിയാനന്ദപുരിയുടെ നേതൃത്വത്തിൽ സൽസംഗവും വൈകിട്ട് ഡോ.ശ്രീനാഥ് കാര്യാട്ടിന്റെ പ്രഭാഷണവും ഉണ്ടായിരുന്നു. സൂര്യകാലടി ബ്രഹ്മശ്രീ സുബ്രമഹ്ണ്യൻ ഭട്ടതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിൽ 25 ന് നടന്ന വാഞ്ഛ കൽപലത ഗണപതിഹോമത്തോടെയായിരുന്നു നവചണ്ഡികാ യാഗം ആരംഭിച്ചത്. ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് തിരുമേനി,ഏഴിക്കോട് കൃഷ്ണദാസ് തിരുമേനി എന്നിവരുടെ കാർമ്മികത്വത്തിൽ മഹാമൃത്യുഞ്ജയ ഹോമവും നടന്നു.

കൂടാതെ സാംസ്കാരിക സമ്മേളനം പറശ്ശിനി മടപ്പുരയുടെ മുത്തപ്പൻ വെള്ളാട്ടം,സൽസംഗങ്ങൾ,പ്രഭാഷണങ്ങൾ എന്നിവയും യാഗ ദിവസങ്ങളിൽ ഉണ്ടായിരുന്നു. മെയ് 12 മുതൽ 14 വരെ തിരുവനന്തപുരത്തും മെയ് 28 മുതൽ 30 വരെ കൊല്ലത്തും ആണ് അടുത്ത നവചണ്ഡികാ യാഗം നടക്കുന്നത്. തുടർന്ന് മറ്റു ജില്ലകളിലും നവചണ്ഡികാ യാഗം നടക്കും.2024 ഏപ്രിൽ 28 മുതൽ മെയ് ഏഴു വരെ തൃശ്ശൂരിൽ 11 ദിവസം നീണ്ടു നിൽക്കുന്ന ശത ചണ്ഡികാ യാഗത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന യാഗത്തിന് സമാപനം കുറിക്കും.

# പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിൽ പൗർണമി പൊങ്കാല മഹോൽസവം ഇന്ന് മുതൽ

**കൊച്ചി :** പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിലെ പൗർണമി പൊങ്കാല മഹോൽസവം ഇന്ന് മുതൽ മെയ് അഞ്ചുവരെ നടക്കുമെന്ന് ക്ഷേത്ര സമിതി പ്രസിഡന്റ് ടി.പങ്കജാക്ഷൻ സെക്രട്ടറി പി.വി അതികായൻ എന്നിവർ അറിയിച്ചു.

ഇന്ന് പുലർച്ചെ അഞ്ചിന് ആരംഭിക്കുന്ന ഗണപതി ഹോമത്തോടെ എട്ടു ദിവസം നീണ്ടു നിൽക്കുന്ന മഹോൽസവത്തിന് തുടക്കമാകും. 10.30 ന് കലവറ നിറയക്കൽ,11.30 ന് പള്ളിക്കൽ സുനിലിന്റെ പ്രഭാഷണം, ഉച്ചയ്ക്ക് ഒരു മണിക്ക് അന്നദാനം, വൈകിട്ട് 6.30ന് ഗാനാമൃതം, 7.30 ന് ഭക്തിഗാന സുധ. 29 ന് രാവിലെ 11.30 ന് ഹരികൃഷ്ണൻ നമ്പൂതിരിയുടെ പ്രഭാഷണം, വൈകിട്ട് 6.30 ന് കലാസന്ധ്യ,7.30 ന് നൃത്തനൃത്യങ്ങൾ, 8.30 ന് തിരുവാതിര കളി. 30 ന് രാവിലെ 11.30 ന് പ്രഭാഷണം ഡോ.കെ.എസ് ഇന്ദു, വൈകിട്ട് 6.30 ന് തിരുവാതിര കളി, 7.30 ന് ഭക്തിഗാന തിരംഗിണി, മെയ് ഒന്നിന് രാവിലെ 11.30 ന് പ്രഭാഷണംഡോ. എൻ.ഗോപാലകൃഷ്ണൻ, വൈകിട്ട് 7.30നും 8.30നും തിരുവാതിര കളി, മെയ് രണ്ടിന് രാവിലെ 11.30 ന് പ്രഭാഷണം ചലച്ചിത്ര സംവിധായകൻ രാമസിംഹൻ, വൈകിട്ട് 6. 30 ന് കുമാരി നന്ദന കെ.മേനോന്റെ സംഗീതാർച്ചന, ഏഴിന് മുത്തപ്പൻ തെയ്യം. മെയ് മൂന്നിന് രാവിലെ 11.30 ന് പ്രഭാഷണം മുൻ ഡിജിപി ഡോ.അലക്സാണ്ടർ ജേക്കബ്ബ്, വൈകിട്ട് ഏഴിന് മാതാ അമൃതാന്ദമയി മഠം ജനറൽ സെക്രട്ടറി ശ്രീമദ് പൂർണ്ണാമൃതാനന്ദ സ്വാമിയുടെ അനുഗ്രഹ പ്രഭാഷണവും ഭക്തി ഗാനാമൃതവും.

മെയ് നാലിന് രാവിലെ ഒമ്പതിന് ദേവിക്കും മഹാദേവനും പൂമൂടൽ, 9.30 ന് ശ്രീമഹാദേവന് രുദ്രാഭിഷേകം,10 ന് ശ്രീ മഹാദേവന് 1001കുടം ധാര, 11 ന് സമൂഹ വിവാഹം, 11.30 ന് പ്രഭാഷണം ശരത് എ.ഹരിദാസ്, വൈകിട്ട് തിരുവാഭരണ ഘോഷയാത്രയും മഹാദീപാരാധനയും, ഏഴിന് ഭജൻ സന്ധ്യ, എട്ടിന് സോപാന സംഗീതം. മെയ് അഞ്ചിന് രാവിലെ 10 ന് പൊങ്കാല സമർപ്പണം, 11.30 ന് പ്രഭാഷണം കെ.പി ശശികല ടീച്ചർ, ഉച്ചയ്ക്ക് ഒരു മണിക്ക് അന്നദാനത്തോടെ മഹോൽസവം സമാപിക്കും.

# കുമരകം മുഹമ്മ ജലപാതയിൽ യാത്രക്കാരുടെ എണ്ണത്തിൽ വർധന

**കുമരകം:** ജലഗതാഗത വകുപ്പിന്റെ കുമരകം മുഹമ്മ ജല പാതയിലെ സർവീസ് നടത്തുന്ന ബോട്ടുകളിൽ യാത്രക്കാരുടെ എണ്ണം കൂടി. ഒരു ബോട്ടിനു കലക്ഷൻ 15,000 രൂപ വരെ എത്തി. നേരത്തേ 7,000 രൂപയാണു ഒരു ബോട്ടിനു കലക്ഷൻ ലഭിച്ചിരുന്നത്. നിലവിൽ 2 ബോട്ടുകളാണു സർവീസ് നടത്തുന്നത്.

ഒരു ബോട്ടു കൂടി വന്നാൽ ഇനിയും യാത്രക്കാരുടെ എണ്ണം കൂടുകയും വരുമാനം വർധിക്കുകയും ചെയ്യും. മുക്കാൽ മണിക്കൂർ ഇടവിട്ടാണു ഇപ്പോൾ ബോട്ട് സർവീസ്. കുമരകത്ത് നിന്നു കരമാർഗം മുഹമ്മയിൽ എത്താൻ ബസിൽ 20 കിലോമീറ്ററിലേറെ സഞ്ചരിക്കണം. ബോട്ടിൽ എട്ടര കിലോമീറ്ററിൽ മുഹമ്മയിൽ എത്താം. ഒരാൾക്ക് 16 രൂപയാണു ചാർജ്.

ബോട്ട് സർവീസ് സുഗമമായി നടത്തുന്നതിനു ജലപാതയുടെ ആഴം കൂട്ടുകയാണ് ആദ്യം വേണ്ടത്. ആഴക്കുറവു മൂലം ബോട്ട് സർവീസ് പ്രതിസന്ധിയിലാകുമ്പോൾ കായലിന്റെ ചില സ്ഥലങ്ങൾ മാത്രം ആഴം കൂട്ടുകയാണ് ചെയ്യാറുള്ളത്. ജലപാതയുടെ എട്ടര കിലോ



മീറ്റർ ദൂരം ആഴം കൂട്ടിയാൽ മാത്രമേ ബോട്ട് സർവീസ് സുഗമമായി നടത്താൻ കഴിയൂ. നിലവിൽ 35, 40 മിനിറ്റു കൊണ്ടാണു യാത്ര പൂർത്തിയാക്കുന്നത്.

ജലപാത പൂർത്തിയാക്കിയാൽ ജലഗതാഗതവകുപ്പിന്റെ ബോട്ടിനു 20,25 മിനിറ്റ് കൊണ്ടു യാത്ര പൂർത്തിയാക്കാൻ കഴിയും.

ജലപാതയിൽ എക്കൽ അടിഞ്ഞു പല സ്ഥലത്തും ആഴം കുറഞ്ഞിരിക്കുകയാണ്. ബോട്ട് സുഗമമായ ഓടണമെങ്കിൽ രണ്ടര മീറ്ററിലേറെ ആഴം എങ്കിലും വേണം. തണ്ണീർമുക്കം ബണ്ട് അടഞ്ഞു കിടക്കുന്ന സമയത്ത് ജലപാതയുടെ പല സ്ഥലത്തും ഒന്നര മീറ്റർ മാത്രമേ താഴ്ചയുള്ളു.

## ബുക്ക് ചെയ്ത ഓണസദ്യ എത്തിച്ചില്ല; ഹോട്ടലുടമ വീട്ടമ്മയ്ക്ക് 40,000 രൂപ നഷ്ടപരിഹാരം നൽകണം

■ പരാതി എറണാകുളം മെയ്സ് റെസ്റ്റോറൻറിനെതിരെ



**കൊച്ചി:** തിരുവോണ സദ്യ മുടക്കിയതിന് കൊച്ചിയിലെ ഹോട്ടലുടമ വീട്ടമ്മയ്ക്ക് നഷ്ടപരിഹാരവും കോടതിച്ചെലവും നൽകണമെന്ന് ഉത്തരവ്. എറണാകുളം മെയ്സ് റെസ്റ്റോറൻറിനെതിരെ എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കോടതിയാണ് നഷ്ട പരിഹാരം നൽകാൻ ഉത്തരവിട്ടത്. നഷ്ടപരിഹാരമായി 40,000 രൂപയും സദ്യയ്ക്കായി കൈപ്പറ്റിയ തുകയും പരാതിക്കാരിക്കു നൽകണമെന്നാണ് ഉത്തരവ്.

2021 തിരുവോണ നാളിലാണ് കേസിനാസ്പദമായ സംഭവം. വൈറ്റില സ്വദേശിനി ബിന്ധ്യ സുൽത്താൻ, മെയ്സ് റസ്റ്ററൻറിൽ സ്പെഷൽ ഓണസദ്യ ബുക്ക് ചെയ്തിരുന്നു. അഞ്ച് പേർക്കുള്ള സദ്യയ്ക്ക് 1295 രൂപയും നൽകി. ഉച്ചയ്ക്ക് ഊണും കറികളും പായസവും അടക്കം വീട്ടിലെത്തിക്കുമെന്നായിരുന്നു ഹോട്ടലധികൃതരുടെ വാഗ്ദാനം. മൂന്നു മണി വരെ കാത്തിട്ടും സദ്യ എത്തിയില്ല. ഹോട്ടൽ ഉടമയെ അടക്കം ഫോണിൽ ബന്ധപ്പെട്ടെങ്കിലും പ്രതികരിച്ചില്ല. ഈ സാഹചര്യത്തിലാണ് കുടുംബം ഉപഭോക്തൃ കോടതിയെ സമീപിച്ചത്.

പരാതിക്കാരി നൽകിയ 1295 രൂപയും 40,000 രൂപ നഷ്ടപരിഹാരവും 5000 രൂപ കോടതി ചെലവും 9% പലിശ സഹിതം ഒരു മാസത്തിനകം എതിർകക്ഷി പരാതിക്കാരിക്ക് നൽകണമെന്ന് കോടതി വിധിച്ചു. ഓരോ മലയാളിക്കും തിരുവോണസദ്യയുമായി വൈകാരികമായ ബന്ധമാണുള്ളതെന്നും കോടതി നിരീക്ഷിച്ചു. എതിർകക്ഷിയുടെ നിരുത്തരവാദപരമായ പെരുമാറ്റം പരാതിക്കാരിക്കും കുടുംബത്തിനും മനോവിഷമമുണ്ടാക്കിയെന്നും സദ്യ എത്തിക്കാൻ കഴിയില്ലെന്ന കാര്യം യഥാസമയം പരാതിക്കാരിയെ അറിയിച്ചില്ലെന്നും വിധിയിൽ വ്യക്തമാക്കുന്നു. ഹോട്ടൽ നിലവിൽ പ്രവർത്തിക്കുന്നില്ല. നിയമനടപടികളുടെ ഒരു ഘട്ടത്തിലും ഹോട്ടലുടമ സഹകരിച്ചിട്ടില്ല.

## വീട്ടിലെ സൗജന്യ ഡയാലിസിസ് ഇനി എല്ലാ ജില്ലകളിലും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ആശുപത്രികളിൽ എത്താതെ രോഗികൾക്ക് വീട്ടിൽ തന്നെ സൗജന്യമായി ഡയാലിസിസ് ചെയ്യാൻ കഴിയുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ആദ്യ ഘട്ടമായി ജില്ലയിലെ ഒരു പ്രധാന ആശുപത്രിയിലാണ് ഈ പദ്ധതിയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്റർ ചെയ്ത രോഗികൾക്ക് പെരിറ്റോണിയൽ ഡയാലിസിസിന് ആവശ്യമായ ഡയാലിസിസ് ഫ്ളൂയിഡ്, കത്തീറ്റർ, അനുബന്ധ സാമഗ്രികൾ എന്നിവ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭ്യമാക്കുന്നു. നിലവിൽ ആയിരത്തോളം രോഗികൾക്കാണ് ഈ സേവനം നൽകി വരുന്നത്. വൃക്ക രോഗികളുടെ എണ്ണം ക്രമാതീതമായി വർധിച്ചതിനെ തുടർന്ന് ഡയാലിസിസ് പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെയാണ് ആരോഗ്യ വകുപ്പ് പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി വ്യാപിപ്പിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, ആലപ്പുഴ ജനറൽ ആശുപത്രി, കോട്ടയം ജനറൽ ആശുപത്രി, തൊടുപുഴ ജില്ലാ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, തൃശൂർ ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, മലപ്പുറം തിരൂർ ജില്ലാ ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, കാസർഗോഡ് ജനറൽ ആശുപത്രി എന്നീ ആശുപത്രികൾ മുഖേനയാണ് വീട്ടിൽ സൗജന്യമായി ഡയാലിസ് ചെയ്യാൻ കഴിയുന്ന പെരിറ്റോണിയൽ ഡയാലിസിസ് സേവനം ലഭിക്കുന്നത്.

സംസ്ഥാനത്ത് 102 ആശുപത്രികളിലും 10 മെഡിക്കൽ കോളേജുകളിലുമുൾപ്പെടെ പ്രതിമാസം അരലക്ഷത്തോളം രോഗികൾക്ക് ഡയാലിസിസ് നടത്തുന്നുണ്ട്. ഹീമോഡയാലിസിസ് ചെലവേറിയതും ആശുപത്രികളിൽ മാത്രം ചെയ്യാൻ സാധിക്കുന്ന ഒരു പ്രക്രിയയുമാണ്. ഇടവിട്ടുള്ള ദിവസങ്ങളിൽ ആശുപത്രിയിൽ പോകേണ്ടിയും കാത്തിരിക്കേണ്ടിയും വരുന്നു. ഇതിനൊരു പരിഹാരമായിട്ടാണ് പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി ആരംഭിച്ചത്.

ഡയാലിസിസ് മെഷീനിലൂടെ രക്തം കടത്തിവിട്ട് ശുദ്ധീകരിക്കുന്ന പ്രക്രിയയാണ് ഹീമോഡയാലിസിസ്. പെരിറ്റോണിയൽ ഡയാലിസിസ് രോഗിയുടെ ഉദരത്തിൽ ഒരു സുഷിരമുണ്ടാക്കി അതിലൂടെ ഒരു കത്തീറ്റർ കടത്തി വിടുകയും ഉദരത്തിനുള്ളിൽ (പെരിറ്റോണിയം) പെരിറ്റോണിയൽ ഡയാലിസിസ് ദ്രാവകം നിറക്കുകയുമാണ് ചെയ്യുന്നത്. ഒരിക്കൽ കത്തീറ്റർ പ്രവേശിപ്പിച്ച് കഴിഞ്ഞാൽ പിന്നീട് രോഗിക്ക് വീട്ടിൽ വെച്ചുതന്നെ ഡയാലിസിസ് ദ്രാവകം ഈ കത്തീറ്ററിലൂടെ പെരിറ്റോണിയത്തിൽ നിറയ്ക്കാൻ സാധിക്കുന്നതാണ്. നിശ്ചിതസമയത്തിന് ശേഷം വൃക്കകളിലെ മാലിന്യങ്ങൾ ഈ പെരിറ്റോണിയൽ ദ്രാവകത്തിലേക്ക് വലിച്ചെടുക്കപ്പെടുകയും ആ ദ്രാവകം പുറത്തേക്ക് ഒഴുക്കി കളയുകയും ചെയ്യുന്നു.



## ദേശീയ പാതയോരത്ത് സൂര്യകാന്തിത്തോട്ടം; സഞ്ചാരികളുടെ പ്രവാഹം

**മീനങ്ങാടി:** സൂര്യകാന്തി പൂത്ത് വാര്യാട്, പൂക്കൾ ആസ്വാദിക്കാനും കാഴ്ച കാണാനും സഞ്ചാരികളുടെ തിരക്ക്. വാര്യാട് ദേശീയ പാതയോരത്താണ് സ്വകാര്യ വ്യക്തി കൃഷിയിടത്തിൽ സൂര്യകാന്തികൾ പൂത്തത്. 4 ഏക്കറിലേറെ സ്ഥലത്താണ് സൂര്യകാന്തി കൃഷിയിറക്കിയത്. അവധിക്കാലമായതോടെ ജില്ലയിലേക്ക് എത്തുന്ന നിരവധി സഞ്ചാരികൾക്ക് നിറ കാഴ്ചയായിരിക്കുകയാണ് സൂര്യകാന്തി. ദേശീയ പാതയിലൂടെ യാത്ര ചെയ്യുന്ന നിരവധി പേർ പൂപാടം കണ്ടും ഫോ!ാട്ടോകൾ എടുത്തുമാണ് മടങ്ങുന്നത്.

പൂക്കൾ കാണാൻ ആളുകളുടെ തിരക്കേറിയതോടെ പ്രദേശത്തെ കൃഷികൾ നോക്കുന്ന എസ്.കെ. പ്രഭാകരൻ, ബേബി തോമ്പ്രയിൽ എന്നിവരുടെ നേതൃത്വത്തിലാണ് സന്ദർശകരെ നിയന്ത്രിക്കുന്നത്. കർണാടകയിലെ ഗുണ്ടൽപേട്ടയിൽ സൂര്യകാന്തി പാടങ്ങൾസഞ്ചാരികൾ ഒഴുകാറുണ്ട്. ഇതിനിടെ കഴിഞ്ഞ കുറച്ച് വർഷങ്ങളായി വിവിധ കർഷകർ ജില്ലയിൽ പലയിടങ്ങളിലും സൂര്യകാന്തി കൃഷി ചെയ്തിട്ടുണ്ട്.

എല്ലായിടങ്ങളിലും മികച്ച രീതിയിൽ പൂക്കളുണ്ടാകുകയും കാഴ്ചകൾ കാണാൻ നിരവധി പേർ എത്തുകയും ചെയ്യുന്നുണ്ട്. ജില്ലയുടെ കാലാവസ്ഥ പൂകൃഷിക്ക് അനുയോജ്യമാണെന്ന വിലയിരുത്തൽ കാലങ്ങളായിട്ടുണ്ടെങ്കിലും വാണിജ്യ അടിസ്ഥാനത്തിൽ എവിടെയും കൃഷികൾ ആരംഭിച്ചിട്ടില്ല.



# കൊടുമ്പ് പഴയ ബ്രിട്ടിഷ് പാലത്തിനു ബലക്ഷയം

**കൊടുമ്പ്:** ശോകനാശിനിപ്പുഴയ്ക്കു (കൊടുമ്പ് പുഴ) കുറുകെയുള്ള മലമ്പുഴ ജലസേചന കനാൽ നീർപ്പാലം ആയ പഴയ ബ്രിട്ടിഷ് പാലത്തിന്റെ (കണ്ണാടി അക്വഡെക്ട്) സ്ലാബുകൾക്കു ബലക്ഷയം. ഇതേത്തുടർന്നു പാലം വഴിയുള്ള ഭാരവാഹനങ്ങളുടെ ഗതാഗതം നിരോധിച്ചു. ദശാബ്ദങ്ങൾ പഴക്കമുള്ള നീർപ്പാലം അറ്റകുറ്റപ്പണി നടത്തി ബലപ്പെടുത്തണമെന്നാണു ശുപാ!ർശ. പുഴയ്ക്കു കുറുകെയുള്ള നീർപ്പാലം കാണാൻ ദിവസവും ഒട്ടേറെപ്പേർ എത്താറുണ്ട്. സിനിമാ ചിത്രീകരണവേദി കൂടിയാണു പാലക്കാട്,ചിറ്റൂർ റോഡിൽ കരിങ്കരപ്പുള്ളി കനാൽപാലം ജംക്ഷനു സമീപത്തുള്ള പഴയ ബ്രിട്ടിഷ് പാലം.

മലമ്പുഴ ഡാമിൽ നിന്നുള്ള ഇടതുകര ജലസേചന കനാൽ ഈ നീർപ്പാലം വഴിയാണ് ഒഴുകുന്നത്. പുഴയ്ക്കു കുറുകെ കുറ്റൻ തൂണുകളിൽ സ്ഥാപിച്ചിട്ടുള്ള ജലമൊഴുകുന്ന കനാലാണ് നീർപ്പാലം. 2 കനാലുകളാണ് പുഴയ്ക്കു കുറുകെയുള്ളത്. ഇതിൽ ഒരു കനാലിനു മുകളിൽ സ്ലാബിട്ട് ഗതാഗത സൗകര്യം ഒരുക്കിയിട്ടുണ്ട്. നീർപ്പാലത്തിന്റെ വശത്തായി പുഴ നോക്കിക്കാണാൻ മനോഹരമായ നടപ്പാതയും സ്ഥാപിച്ചിട്ടുണ്ട്. ബ്രിട്ടിഷ് പാലത്തിന് ദശാബ്ദങ്ങളുടെ പഴക്കമുണ്ട്.

കൊടുമ്പ് പുഴയ്ക്കു കുറുകെ നിലമ്പതി പാലത്തിനു ശുപാർശ. പഴയ ബ്രിട്ടിഷ് പാലത്തിന്റെ തുടർച്ചയായി ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പേഴുംപള്ളം കണക്ക്വളപ്പ് അക്വഡെക്ട് കനാൽ ബണ്ട് റോഡ് നിർമിച്ചിട്ടുണ്ട്.

ഇതിലേക്കു ബന്ധിപ്പിച്ചു കനാലിനു കുറുകെ കണക്ക്വളപ്പ് കണ്ണംകുടം പാലവും നിർമിച്ചിട്ടുണ്ട്. ഈ റോഡുകളെ നിലമ്പതി പാലവുമായി ബന്ധിപ്പിക്കാനാകും. തസ്രാക്കിലേക്കുള്ള എളുപ്പവഴി കൂടിയാകും ഇത്. കണക്ക്വളപ്പ് കണ്ണംകുടം പാലം വഴി കൊടുമ്പ് റോഡിലും എത്താം.

## പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

**തിരുവനന്തപുരം:** ഐ.എച്ച്.ആർ.ഡി 2023 ഫെബ്രുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ പി.ജി.ഡി.സി.എ, ഒന്നും രണ്ടും സെമസ്റ്റർ ഡി.ഡി.റ്റി.ഒ.എ, ഡി.സി.എ, സി.സി.എൽ.ഐ.എസ്, ഡി.സി.എഫ്.എ, പി.ജി.ഡി.സി.എഫ് എന്നീ കോഴ്സുകളുടെ റഗുലർ/ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലവും മാർക്കിന്റെ വിശദാംശങ്ങളും അതാത് പരീക്ഷാകേന്ദ്രങ്ങളിൽ ലഭ്യമാണ്. ഐ.എച്ച്.ആർ.ഡി.യുടെ വെബ്സൈറ്റിലും (www.ihrd.ac.in) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പുനർ മൂല്യനിർണയത്തിനുള്ള അപേക്ഷകൾ മെയ് 12 വരെ അതത് പരീക്ഷാകേന്ദ്രങ്ങളിൽ പിഴ കൂടാതെയും മെയ് 16 വരെ 200 രൂപ ലേറ്റ് ഫീ സഹിതവും സമർപ്പിക്കാം.

ഫെബ്രുവരി 2023ലെ 2020 സ്കീം സപ്ലിമെന്ററി പരീക്ഷയ്ക്കായുള്ള പ്രത്യേകാനുമതി ആവശ്യമുള്ളവർ അപേക്ഷകൾ മെയ് 2 നു മുമ്പും 200 രൂപ ലേറ്റ് ഫീയോടുകൂടി മെയ് 10 വരെയും അതാത് സ്ഥാപനമേധാവികൾ മുഖേന സമർപ്പിക്കണം.

## ടെണ്ടർ ക്ഷണിച്ചു

**തൃശൂർ:** വനിതാ പ്രൊട്ടക്ഷൻ ഓഫീസിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി 2023 24 സാമ്പത്തിക വർഷത്തിൽ കരാർ തീയതി മുതൽ ഒരു വർഷത്തേക്ക് നിബന്ധനകൾക്ക് വിധേയമായി വാഹനം കരാറടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകുവാൻ താല്പര്യമുള്ള വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും ടെൻണ്ടറുകൾ ക്ഷണിച്ചു. അടങ്കൽ തുക 3,60,000. ടെണ്ടർ ഫോം സ്വീകരിക്കുന്ന അവസാന തിയതി മെയ് 5 ന് 2 മണി. കൂടുതൽ വിവരങ്ങൾക്ക് അയ്യന്തോൾ വനിതാ പ്രൊട്ടക്ഷൻ ഓഫീസുമായോ 0487 2367100 എന്ന നമ്പറിലോ ബന്ധപ്പെടുക.

**തൃശൂർ:** ദേശീയ നഗര ആരോഗ്യദൗത്യത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ നഗര കുടുംബാരോഗ്യ കേന്ദ്രത്തിലുമുള്ള ലാബ് റിയേജൻറും നിത്യോപയോഗ സാധനങ്ങളും നൽകുന്നതിന് ടെണ്ടറുകൾ ക്ഷണിച്ചു.

മേയ് ഒമ്പത്, 10 ദിവസങ്ങളിൽ ടെണ്ടർ വിതരണം ചെയ്യും. മേയ് 11ന് ടെണ്ടറുകൾ സ്വീകരിക്കും.

## കെമാറ്റ് സൗജന്യ പരിശീലനം

**തിരുവനന്തപുരം:** സംസ്ഥാന ടൂറിസം വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിൽ (കീറ്റ്സ്) ഏപ്രിൽ 29ന് സൗജന്യ കെമാറ്റ് (കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്) പരിശീലനം നൽകുന്നു. കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ എം.ബി.എ കോഴ്സിന് ചേരുന്നതിന് ബിരുദവും കെമാറ്റും ആണ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. പരിശീലനത്തിൽ പങ്കെടുക്കുന്നതിന് 9446068080 ൽ ബന്ധപ്പെടണം.

## ബയോമെട്രിക് മസ്റ്ററിംഗ്

**റാന്നി:** പെരുനാട് ഗ്രാമപഞ്ചായത്തിൽ നിന്നും ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിയ്ക്കപ്പെട്ട ഗുണഭോക്താക്കൾ ജൂൺ 30 വരെയുള്ള കാലയളവിനുള്ളിൽ അക്ഷയകേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തണം. ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർ, കിടപ്പു രോഗികൾ, വൃദ്ധ ജനങ്ങൾ എന്നിങ്ങനെ അക്ഷയകേന്ദ്രത്തിൽ എത്തിചേരാൻ കഴിയാത്തവർ മെയ് 10 ന് മുമ്പായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ഹോം മസ്റ്ററിംഗിന് ക്രമീകരണം ചെയ്യുമെന്ന് റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

# വരൾച്ച; മത്സ്യങ്ങളും ചെറുജീവികളും കൂട്ടത്തോടെ ചത്തൊടുങ്ങുന്നു

**ചെറുപുഴ:** പുഴകൾ വറ്റിവരണ്ടതിനെ തുടർന്നു മത്സ്യങ്ങളും ചെറുജീവികളും കൂട്ടത്തോടെ ചത്തൊടുങ്ങുന്നു. തേജസ്വിനിപ്പുഴയും തിരുമേനി പുഴയുമാണു മലയോര മേഖലയിലെ പ്രധാന ജലസ്രോതസ്സുകൾ. ഇതിൽ തിരുമേനി പുഴ പൂർണമായും തേജസ്വിനിപ്പുഴ ഭാഗികമായും വറ്റിക്കഴിഞ്ഞു.



തിരുമേനി വറ്റിയതോടെ ആയിരകണക്കിനു മത്സ്യങ്ങളാണു ചത്തൊടുങ്ങിയത്. ഇതിനുപുറമെ വെള്ളത്തിൽ കഴിയുന്ന മറ്റു ചെറുജീവികളും ചത്തു. അപൂർവയിനം മത്സ്യങ്ങൾ, ഞണ്ടുകൾ, ചെമ്മീൻ തുടങ്ങിയവ ചത്തിട്ടുണ്ട്. ആയിരക്കണക്കിനു മത്സ്യങ്ങൾ ചത്തതോടെ പ്രദേശത്തു കടുത്ത ദുർഗന്ധവും അനുഭവപ്പെട്ടു തുടങ്ങി. മുൻപ് പുഴ വറ്റിയിരുന്നുവെങ്കിലും പ്രധാന കയങ്ങളിലെല്ലാം വെള്ളം ഉണ്ടായിരുന്നു. ഇത്രയും രൂക്ഷമായ വരൾച്ച അടുത്ത കാലത്തൊന്നും ഉണ്ടായിട്ടില്ലെന്നാണു നാട്ടുകാർ പറയുന്നത്.

കർണാടക വനത്തിൽ നിന്ന് ഉത്ഭവിക്കുന്ന തേജസ്വിനിപ്പുഴയിലെ ചില കയങ്ങളിൽ മാത്രമാണ് ഇനി ജലം അവശേഷിക്കുന്നത്. ചൂട് ഇനിയും കനത്താൽ ശേഷിക്കുന്ന വെള്ളം കൂടി ഏതാനും ആഴ്ചകൾക്കുള്ളിൽ വറ്റുമെന്ന കാര്യം ഉറപ്പാണ്. പുഴകളിലെ ജലവിതാനം കുറഞ്ഞതോടെ മലയോരമേഖലയിലെ കിണറുകളും വറ്റി. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ പ്രളയത്തിൽ കല്ലും മണ്ണും ഒഴുകി വന്നു പുഴകളിലെ കയങ്ങൾ നികന്നതാണു ജലക്ഷാമം രൂക്ഷമാകാൻ കാരണമായത്. കോടികൾ മുടക്കി മലയോരങ്ങളിൽ ഒട്ടേറെ തടയണകൾ നിർമിച്ചിട്ടുണ്ടെങ്കിലും ഇതുകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നാണു നാട്ടുകാർ പറയുന്നത്. ജലക്ഷാമം രൂക്ഷമായിട്ടും വെള്ളം വിതരണത്തിനുള്ള നടപടികളൊന്നും അധികൃതരുടെ ഭാഗത്തു നിന്ന് ഉണ്ടാകാത്തത് വ്യാപക പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്. ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വാഹനങ്ങളിൽ വെള്ളം എത്തിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണു നാട്ടുകാരുടെ ആവശ്യം.

## ചികിൽസ രംഗത്ത് മികച്ച പ്രതികരണം നേടി ഹോമിയോപ്പതി വകുപ്പ്

**പത്തനംതിട്ട:** ഹോമിയോപ്പതി വകുപ്പ് ചികിൽസ രംഗത്ത് നടപ്പിലാക്കിയ പദ്ധതികൾക്ക് പൊതുജനങ്ങൾക്കിടയിൽ മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പകർച്ച വ്യാധികളുടെ വ്യാപനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി നടപ്പിലാക്കിയ സാംക്രമിക രോഗ നിയന്ത്രണ പദ്ധതികളും മെഡിക്കൽ ക്യാമ്പുകളും, ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും, സെമിനാറുകളും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായിട്ടുണ്ട്. സ്ത്രീകളുടെ ആരോഗ്യപരിപാലനവും, സാമൂഹിക സമത്വം, സമാധാനം എന്നിവ ലക്ഷ്യമാക്കി വകുപ്പ് നടപ്പിലാക്കി വരുന്ന ലിംഗാധിഷ്ഠിത പദ്ധതിയായ സീതാലയം സെന്ററിന്റ പ്രവർത്തനങ്ങൾ ഒട്ടേറെപേർക്ക് ആശ്വാസകരമായിട്ടുണ്ട്.വന്ധ്യതാ നിവാരണ ചികിത്സ രംഗത്ത് നടപ്പിലാക്കിയായ ജനനി പദ്ധതിയിലൂടെ ചികിത്സയ്ക്കെത്തുന്ന ഓരോ ദമ്പതികളെയും വിശദമായ കേസ് പഠനത്തിലൂടെയും ആധുനിക പരിശോധന സംവിധാനങ്ങളുടെ സഹായത്തോടെ വന്ധ്യതയുടെ കാരണങ്ങൾ കണ്ടെത്തി നിരവധി കുടുംബങ്ങൾക്ക് ഒരു കുഞ്ഞ് എന്ന സ്വപ്നം സഫലമാക്കാൻ സാധിച്ചു. ജീവിതശൈലി രോഗങ്ങൾ പ്രതിരോധിക്കുന്നതിനും, നിയന്ത്രിക്കുന്നതിനുമായി ഹോമിയോപ്പതിയൊടൊപ്പം പ്രകൃതി ജീവനം, യോഗ തുടങ്ങിയ ചികിത്സാ സമ്പ്രദായങ്ങളെക്കൂടി സമന്വയിപ്പിച്ചുകൊണ്ട് ആരംഭിച്ച ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട് .

# കാസർകോട് മെഡിക്കൽ കോളജ് പുനർ നിർമാണത്തിന് 160 കോടി രൂപ: മന്ത്രി വീണാ ജോർജ്

**കാഞ്ഞങ്ങാട്:** കാസർകോട് മെഡിക്കൽ കോളജ് തുടർ നിർമാണത്തിന് 160 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ആശുപത്രി കെട്ടിടം വേഗത്തിൽ പൂർത്തിയാക്കുമെന്നും മന്ത്രി വീണാ ജോർജ്. നവകേരളം കർമ പദ്ധതി രണ്ടാം ഘട്ടം ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ ആശുപത്രിയിലെ സെൻട്രൽ സ്റ്റെറൈൽ സപ്ലൈ ഡിപ്പാർട്മെന്റ്, പുതിയ ലേബർ ബ്ലോക്ക്, ഡിജിറ്റൽ നോട്ടിസ് ബോർഡ് എന്നിവയുടെ ഉദ്ഘാടനം നിർവഹിച്ച ശേഷം പ്രസംഗിക്കുകയായിരുന്നു അവർ. മറ്റു മെഡിക്കൽ കോളജുകളെ സംബന്ധിച്ചിടത്തോളം അക്കാദമിക് ബ്ലോക്ക് പൂർത്തിയായാൽ നാഷനൽ മെഡിക്കൽ കോളജിന്റെ മാനദണ്ഡ പ്രകാരം എംബിബിഎസ് പഠനത്തിന് അപേക്ഷിക്കാൻ കഴിയും.

അടുത്തു തന്നെ ആശുപത്രികൾ ഉള്ളതിനാൽ ഇതിനെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞു. പക്ഷേ, ജില്ലയിൽ മെഡിക്കൽ കോളജിന് അടുത്ത് ആശുപത്രി ഇല്ലാത്തതിനാൽ ഇവിടെ തന്നെ ആശുപത്രി നിർമിച്ചതിന് ശേഷം മാത്രമേ എംബിബിഎസ് പഠനത്തിന് അപേക്ഷിക്കാൻ കഴിയൂ. ഈ വർഷം തന്നെ ആശുപത്രി കെട്ടിടം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മന്ത്രി പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. രാജ്മോഹൻ ഉണ്ണിത്താൻ എംപി മുഖ്യാതിഥിയായി.



കാഞ്ഞങ്ങാട് നഗരസഭാധ്യക്ഷ കെ.വി.സുജാത, ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. എ.വി.രാംദാസ്, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. റിജിത്ത് കൃഷ്ണൻ, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി ഡപ്യൂട്ടി സൂപ്രണ്ട് ഡോ. ഇ.വി.ചന്ദ്രമോഹനൻ, ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസ് ഡോ. റീന, കെ.രാജ്മോഹൻ, കുര്യാക്കോസ് പ്ലാപറമ്പിൽ, കൈപ്രത്ത് കൃഷ്ണൻ നമ്പ്യാർ, പി.പി.രാജു അരയി, വസന്തകുമാർ കാട്ടുകുളങ്ങര, രതീഷ് പുതിയ പുരയിൽ, ഏബ്രഹാം തോണക്കര, പി.പി.രാജൻ, ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോക്ടർ കെ.വി.പ്രകാശ് എന്നിവർ പ്രസംഗിച്ചു.

ജില്ലയിലെ ആദ്യത്തെ ലക്ഷ്യ നിലവാരത്തിലുള്ള ലേബർ ബ്ലോക്ക് ആണ് ജില്ലാ ആശുപത്രിയിൽ ഒരുക്കിയത്. ഓപ്പറേഷൻ തിയറ്റർ, ഐസിയു, എച്ച്ഡിയു, ഡോക്ടേഴ്സ് റൂം, നഴ്സസ് റൂം, ട്രയേജ്, ഫസ്റ്റ് സ്റ്റേജ് റൂം, പോസ്റ്റ് ഓപ്പറേറ്റീവ് കെയർ, വെയ്റ്റിങ് ഏരിയ, സ്റ്റോർ എന്നിവ ഈ ബ്ലോക്കിൽ ഉണ്ട്. ലക്ഷ്യ നിലവാരത്തിലുള്ള ലേബർ ബ്ലോക്ക് ആരംഭിക്കുന്നതോടെ ആധുനിക നിലവാരത്തിലുള്ള പ്രസവ ശുശ്രൂഷ ലഭ്യമാക്കുവാൻ സാധിക്കും. ഓപ്പറേഷൻ തിയറ്റർ നവീകരിച്ച് ആധുനിക ഉയർത്തുന്നതിനായി 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## അംഗനവാടികൾക്ക് പുതിയ കെട്ടിടം ; ഒരു കോടി അനുവദിച്ചു

**നാട്ടിക:** നിയോജകമണ്ഡലത്തിലെ നാല് അംഗനവാടികൾക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിന് എം എൽ എ ആസ്തിവികസന ഫണ്ടിൽ നിന്ന് ഒരു കോടി രൂപ അനുവദിച്ച് ഭരണാനുമതിയായി. സാങ്കേതികാനുമതിയും ടെൻഡർ നടപടികളും പൂർത്തീകരിച്ച് അംഗനവാടികളുടെ നിർമാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുമെന്ന് സിസി മുകുന്ദൻ എം എൽ എ പറഞ്ഞു.

നാട്ടിക ഗ്രാമപഞ്ചായത്തിലെ 63 നമ്പർ, വലപ്പാട് ഗ്രാമപഞ്ചായത്തിലെ 92 നമ്പർ, അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ 143 നമ്പർ, പാറളം ഗ്രാമപഞ്ചായത്തിലെ 63 നമ്പർ എന്നീ അംഗനവാടികൾക്കാണ് 25 ലക്ഷം രൂപ വീതം അനുവദിച്ചത്.

മണ്ഡലത്തിലെ സ്ഥലം സ്വന്തമായുള്ള എല്ലാ അംഗനവാടികൾക്കും സമയബന്ധിതമായി കെട്ടിടം നിർമ്മിച്ചു നൽകാനാണ് ലക്ഷ്യമിടുന്നത്.

## വെറ്ററിനറി സർജൻ താത്ക്കാലിക നിയമനം

**തൃശ്ശൂർ:** ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ബ്ലോക്കുകളിൽ രാത്രികാലങ്ങളിൽ കർഷകന്റെ വീട്ടുപടിക്കൽ അത്യാഹിത മൃഗചികിത്സ സേവനം നൽകുന്നതിനായി (വൈകീട്ട് 6 മുതൽ രാവിലെ 6 മണിവരെ) ഓരോ വെറ്ററിനറി സർജന്മാരെ താത്ക്കാലികമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു.

നിയമനം 90ൽ കുറഞ്ഞ ദിവസത്തേയ്ക്കായിരിക്കും. യോഗ്യത: വെറ്ററിനറി സയൻസിൽ ബിരുദം, വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ. വിരമിച്ചവർക്കും അപേക്ഷിക്കാം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സർക്കാർ ഉത്തരവ് പ്രകാരം വേതനം നൽകുന്നതാണ്.

താത്പ്പര്യമുള്ളവർ തൃശ്ശൂർ അയ്യന്തോൾ സിവിൽ സ്റ്റേഷൻ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ 2023 മേയ് 2ന് രാവിലെ 10.30 മണിയ്ക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം കൂടിക്കാഴ്ചയ്ക്ക് ഹാജരാകേണ്ടതാണ്. ഫോൺ: 0487 2361216.

## വനിതാ ഫിറ്റ്നസ് സെന്റർ നിർമാണം അവസാനഘട്ടത്തിൽ

**കോട്ടയം:** കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിന്റെ വനിതാ ഫിറ്റ്നസ് സെന്റർ നിർമാണം അവസാനഘട്ടത്തിൽ. വനിതകളിലെ ജീവിതശൈലീ രോഗങ്ങളെ ആരോഗ്യ സംരക്ഷണത്തിലൂടെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതിയ്ക്ക് തുടക്കം കുറിക്കുന്നത്.

ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021 22 വർഷത്തെ വനിതാ വികസന ഫണ്ട് ഉപയോഗിച്ചാണ് ഫിറ്റ്നസ് സെന്റർ തുടങ്ങുന്നത്. മൂന്ന് ലക്ഷം രൂപയാണ് പദ്ധതി ചെലവ്.

കടപ്ലാമറ്റം പഞ്ചായത്ത് ഓഫീസിന് താഴെയാണ് ഫിറ്റ്നസ് സെന്റർ കെട്ടിടം. ഇലക്ട്രോണിക് ട്രെഡ്മിൽ, ലെഗ് എക്സ്റ്റടെൻഷൻ, സ്റ്റാറ്റിക് സൈക്കിളുകൾ തുടങ്ങി ഒട്ടേറെ ഉപകരണങ്ങൾ വ്യായാമത്തിനായുണ്ട്.

എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്ക് സൗജന്യമായി ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താം.

# ലൈഫ് പദ്ധതി സൃഷ്ടിച്ചത് ഭവന നിർമ്മാണ രംഗത്ത് വിപ്ലവകരമായ മാറ്റം: മന്ത്രി വി എൻ വാസവൻ

കൊച്ചി: സംസ്ഥാനത്തെ ഭവന നിർമ്മാണ രംഗത്ത് വിപ്ലവകരമായ മാറ്റമാണ് ലൈഫ് പദ്ധതി സൃഷ്ടിച്ചതെന്ന് സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി എൻ വാസവൻ. തൃപ്പൂണിത്തുറ നഗരസഭ, പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.) ലൈഫ് പദ്ധതി വഴി നൽകുന്ന എഴുന്നൂറാമത് വീടിന്റെ താക്കോൽദാനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. നഗരസഭ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം പൂർത്തിയാക്കിയ ഒമ്പത് വീടുകളുടെ താക്കോൽ ദാനവും മന്ത്രി നിർവഹിച്ചു. സംസ്ഥാന തലത്തിലും ദേശീയതലത്തിലും വിപ്ലവകരമായ മാറ്റമാണ് ലൈഫ് പദ്ധതിയിലൂടെ നടക്കുന്നത്. നീതി ആയോഗിന്റെ വിലയിരുത്തലിൽ ദേശീയതലത്തിൽ തന്നെ കേരളം ഒന്നാമതാണ്. ഇതുവരെ 3,40,040 വീടുകളാണ് സംസ്ഥാനത്ത് വീടില്ലാത്തവർക്കായി നൽകിയത്. നിരവധി വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. സഹകരണ വകുപ്പിന് കീഴിൽ മാത്രം 2300 വീടുകൾ നിർമ്മാണം പൂർത്തീകരിച്ച് നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.എരൂർ പാമ്പാടിത്താഴത്ത് നടന്ന ചടങ്ങിൽ തൃപ്പൂണിത്തുറ നഗരസഭ ചെയർപേഴ്സൺ രമ സന്തോഷ് അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ കെ കെ പ്രദീപ് കുമാർ, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ജയപരമേശ്വരൻ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ദീപ്തി സുമേഷ്, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീലത മധുസൂദനൻ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സി എ ബെന്നി, വിദ്യാഭ്യാസ കലാകായിക സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ യു കെ.പീതാംബരൻ, കൗൺസിലർമാരായ പി കെ പീതാംബരൻ, കെ വി സാജു, ഷീജ കിഷോർ, തൃപ്പൂണിത്തുറ നഗരസഭ സെക്രട്ടറി എം സുഗധകുമാർ, മുൻസിപ്പൽ എഞ്ചിനിയർ ബി ആർ ഓം പ്രകാശ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# ബൗദ്ധികസ്വത്തവകാശവും സ്ത്രീകളും : സിഎംഎഫ്ആർഐയിൽ ശിൽപശാല നടന്നു

**കൊച്ചി:** ബൗദ്ധികസ്വത്തവകാശ പേറ്റന്റ് സംവിധാനങ്ങൾ ഉപയോഗിക്കുന്നതിൽ ലിംഗ അസമത്വം നിലനിൽക്കുന്നുണ്ടെന്ന് ശിൽപശാല. ശാസ്ത്ര ഗവേഷണ മേഖലകളിൽ സത്രീകളുടെ പ്രാതിനിധ്യം വളരെ കുറവാണെന്നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ശിൽപശാലയിൽ അഭിപ്രായമുയർന്നു.ഇന്ത്യയിലെ ശാസ്ത്രഗവേഷകരിൽ 6.6 ശതമാനം മാത്രമാണ് സ്ത്രീകൾ. 2022ൽ അന്താരാഷ്ട്ര പേറ്റന്റ് അപേക്ഷകളിൽ പേരുള്ള ഗവേഷകരിൽ സ്ത്രീകളുടെ പ്രാതിനിധ്യം 16.2 ശതമാനമാണ്. ശാസ്ത്രഗവേഷണ മേഖലകളിലെ ഈ ലിംഗ അസമത്വം തിരിച്ചറിഞ്ഞ് കൂടുതൽ സ്ത്രീകളെ ഇത്തരം പഠനഗവേഷണ മേഖലകളിലേക്കെത്തിക്കാനുള്ള പ്രോത്സാഹനം നൽകണമെന്നും ശിൽപശാലയിൽ നിർദേശമുയർന്നു.സിഎംഎഫ്ആർഐയിലെ ഇൻസ്റ്റിറ്റ്യൂട്ട് ടെക്നോളജി മാനേജ്മെന്റ് യൂണിറ്റും വനിതാസെല്ലും സംയുക്തമായാണ് ശിൽപശാല സംഘടിപ്പിച്ചത്. ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. പ്രൊഫ. ലിസ പി ലൂക്കോസ്, ഡോ ആതിര പി എസ് നായർ, ഡോ ആരതി അശോക് എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു.ഡോ കാജൽ ചക്രവർത്തി, ഡോ മിറിയം പോൾ ശ്രീറാം, ഡോ സി രാമചന്ദ്രൻ, ഡോ സന്ധ്യ സുകുമാരൻ സംസാരിച്ചു.




# വൈഗ റിസോഴ്സ് സെന്ററുകൾ എല്ലാ ജില്ലകളിലും: കൃഷിമന്ത്രി പി പ്രസാദ്

**ആലപ്പുഴ:** കർഷകരുടെ ഉത്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും വൈഗ റിസോഴ്സസ് സെന്ററുകൾ സ്ഥാപിക്കുമെന്ന് കൃഷി മന്ത്രി പി പ്രസാദ്.ഹരിപ്പാട് നടക്കുന്ന കൃഷി മന്ത്രിയുടെ പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞമായ കൃഷിദർശന്റെ മൂന്നാം ദിനത്തിൽ ഹരിപ്പാട് സൗഗന്ധിക റെസിഡൻസിയിൽ നടന്ന ബി ടു ബി മീറ്റ് ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.കേരളത്തിലെ എല്ലാ പ്രദേശത്തുമുള്ള കർഷകർക്കു ഗുണപ്രദമാകുന്ന തരത്തിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുക, അവരുടെ ഉൽപ്പന്നങ്ങൾ സംസ്കരിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, കർഷകരുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനസഹായം കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ വേണ്ട സഹായങ്ങൾ ചെയ്യുക തുടങ്ങി കർഷകർക്ക് മൂല്യ വർദ്ധന മേഖലയിലേക്ക് കടന്നു വരുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും റിസോഴ്സ് സെന്ററുകൾ വഴി ഏകോപിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. കർഷകരുടെ ഉത്പന്നങ്ങൾ സംസ്കരിച്ചും വൈവിധ്യവത്കരിച്ചും വിപണിയിൽ ലഭ്യമാണ്. വിപണിയുടെ നേട്ടങ്ങൾ ഉൽപാദകരിലേക്ക് പൂർണ്ണമായും എത്തിക്കുവാൻ കർഷകരും കൃഷി കൂട്ടങ്ങളും ഉത്പാദനത്തോടൊപ്പം സംസ്കരണ വിപണന പ്രവർത്തനങ്ങളിൽ കൂടി മുൻകൈയെടുക്കേണ്ടതുണ്ട്. കർഷകർക്ക് മികച്ച വരുമാനം ഉറപ്പുവരുത്തുന്നതിന് ഇത്തരം പ്രവർത്തനങ്ങളിലൂടെ സാധ്യമാകും.വകുപ്പിന്റെ നേതൃത്വത്തിൽ മുഖാമുഖം നടന്ന ആദ്യ ബി 2 ബി മീറ്റ് തിരുവനന്തപുരത്ത് വൈഗ എക്സിബിഷനിൽ അവതരിപ്പിച്ചപ്പോൾ 39.76 കോടി രൂപയുടെ കാർഷിക ഉത്പന്നങ്ങൾക്കാണ് വിപണി ഉറപ്പാക്കുവാൻ കഴിഞ്ഞത്. ഇത്തരത്തിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുമെന്നും കർഷകരുടെയും കൃഷി കൂട്ടങ്ങളുടെയും 100 കോടി രൂപയുടെ ഉത്പന്നങ്ങൾക്ക് ഈ വർഷം വിപണി കണ്ടെത്തുമെന്നും മന്ത്രി പറഞ്ഞു. നമ്മുടെ കർഷകരുടെ വിഷ രഹിതമായ ഉത്പന്നങ്ങൾ സംഭരിക്കുവാൻ കേരളത്തിലെ ഏറ്റവും വിപുലമായ വിപണന സംവിധാനമുള്ള പ്രമുഖ ഗ്രൂപ്പുകൾ, സംഘടനകൾ തുടങ്ങിയവരുമായി ധാരണയായിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.കൃഷിവകുപ്പിന്റെ 131 ഫാം ഉൽപ്പന്നങ്ങൾ മുൻനിര ഓൺലൈൻ വിപണന പ്ലാറ്റ്ഫോമുകളായ ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയവയിലൂടെ കേരളഗ്രോ ബ്രാൻഡിൽ എത്തിച്ചു. അടുത്തഘട്ടത്തിൽ കർഷകരുടെയും കൃഷി കൂട്ടങ്ങളുടെയും കാർഷികോൽപാദക സംഘടനകളുടെയും ഉൾപ്പെടെ 1000 ഉൽപ്പന്നങ്ങൾ ഓൺലൈനിലേക്ക് എത്തിക്കും. ഇത്തരം നിരവധിയായ കർഷക സൗഹൃദ പ്രവർത്തനങ്ങൾ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നു വരികയാണെന്നും മന്ത്രി അറിയിച്ചു.

## രജിസ്ട്രേഷൻ ക്യാമ്പും പരിശീലനവും

**കൊച്ചി:** കേരള സർക്കാർ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന സർക്കാർ മേഖലയിലെ ആദ്യ ഓൺലൈൻ ഓട്ടോ/ടാക്സി പ്ലാറ്റ്ഫോം ആയ 'കേരള സവാരി എറണാകുളം ജില്ലയിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി, അംഗങ്ങളായ ഡ്രൈവർമാർക്ക് രജിസ്ട്രേഷൻ ക്യാമ്പും പരിശീലനവും നടത്തുന്നു. ഏപ്രിൽ 28ന് എറണാകുളം കലൂർ ആസാദ് റോഡിലുള്ള റിന്യൂവൽ സെന്ററിൽ രാവിലെ ഒമ്പതു മുതൽ ഉച്ചയ്ക്ക് ഒന്നു വരെയാണ് രജിസ്ട്രേഷൻ ക്യാമ്പും പരിശീലനവും നടത്തുന്നത്. രജിസ്ട്രേഷന് വരുമ്പോൾ സവാരി അംഗത്വ വാഹനത്തിന്റെ ആർ.സി.ബുക്ക്, ലൈസൻസ്, ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യ പേജ് എന്നിവ കൊു വരേണ്ടതാണെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫോൺ നമ്പർ :04842401632.

## കെ മാറ്റ് സൗജന്യ പരിശീലനം

**കൊച്ചി:** സംസ്ഥാന ടൂറിസം വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻറ് ട്രാവൽ സ്റ്റഡീസിൽ (കിറ്റ്സ്) 2023 ഏപ്രിൽ 29 ന് സൗജന്യ കെ മാറ്റ് പരിശീലനം നൽകുന്നു. കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ എം. ബി. എ. കോഴ്സിന് ചേരുന്നതിന് ബിരുദവും കെ മാറ്റും ആണ് അടിസ്ഥാന യോഗ്യത. സൗജന്യ പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി 9446068080 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ലഭിച്ച സ്വർണ്ണാഭരണങ്ങൾ പരസ്യവിൽപ്പന നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. സംഭാവന ലഭിച്ച സ്വർണ്ണ ഉരുപ്പടികളുടെ തൂക്കവും, പരിശുദ്ധിയും ലീഗൽ മെട്രോളജി വകുപ്പ് മുഖേന നിർണ്ണയിച്ച് സാക്ഷ്യപത്രം ലഭ്യമായിട്ടുള്ളതാണ്. 2023 മെയ് 26ന് രാവിലെ 11.30 ന് ക്വട്ടേഷൻ പരസ്യമായി തുറന്ന് കൂടുതൽ തുക രേഖപ്പെടുത്തിയ ആളുടെ പേരിൽ വിൽപ്പന നടത്തുന്നതാണ്. മെയ് 11ന് രാവിലെ 11.30 മുതൽ അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം മൂന്നു വരെ മുവാറ്റുപുഴ തഹസീൽദാരുടെ ചേമ്പറിൽ മുൻകൂർ അനുമതിയോടെ ആഭരണങ്ങൾ പരിശോധിക്കാവുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മെയ് 25ന് വൈകിട്ട് നാലു വരെ.

## ലീഗൽ കൗൺസിലർ ഒഴിവ്

കൊച്ചി: എറണാകുളം ഗവൺമെന്റ് മഹിളാ മന്ദിരം സർവീസ് പ്രൊവൈഡിംഗ് സെന്ററിൽ ലീഗൽ കൗൺസിലറുടെ ഒഴിവ്. താൽപര്യമുള്ളവർ മെയ് എട്ടിന് മുമ്പ് ഗവ: മഹിളാ മന്ദിരം, ചമ്പക്കര, എറണാകുളം എന്ന വിലാസത്തിൽ ബന്ധപ്പെടുക. യോഗ്യത എൽ.എൽ.ബി ബിരുദവും ര് വർഷത്തെ പ്രവർത്തി പരിചയവും.കൂടുതൽ വിവരങ്ങൾക്ക്: 9895435437, 8590597525

## സ്പർശ് ഔട്ട്റീച്ച് പ്രോഗ്രാം




**കൊച്ചി:** കര, നാവിക, വ്യോമ സേനാ വിഭാഗങ്ങളിലെ സ്പർശ് പെൻഷൻ കാരുടെ പരാതികൾ പരിഹരിക്കുന്നതിനായി സ്പർശ് ഔട്ട് റീച്ച് പ്രോഗ്രാം സംഘടിപ്പിച്ചു. ഇന്ത്യയിലുടനീളം സംഘടിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി കൊച്ചിയിലെ നേവൽ വർക്ക്സ് ചീഫ് എഞ്ചിനീയർ ഓഫീസിലെ സരസ്വതി ഹാളിൽസംഘടിപ്പിച്ച ചടങ്ങിൽ ബ്രിഗേഡിയറും ചീഫ് എഞ്ചിനീയറുമായ നിലോയ് സാഹ മുഖ്യാതിഥിയായി. ചെന്നൈ കൺട്രോളർ ഓഫ് ഡിഫൻസ് അക്കൗണ്ട്സിന്റെ ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽഐ ഡി എ എസ് അസി. കൺട്രോളർ ദിലീപ് കുമാർ, ഐ. ഡി. എ. എസ്.അസി. കൺട്രോളർ എസ്. നാരായൺ പ്രസാദ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. സ്പർശ് പെൻഷൻ വിതരണത്തിന്റെ സവിശേഷതകളെ കുറിച്ചും പെൻഷൻ നടപടിക്രമങ്ങൾ ലളിതമാക്കുന്നതിൽ സ്പർശ് ഓൺ ലൈൻ സംവിധാനത്തിന്റെ പങ്കിനെ കുറിച്ചും ഐ ഡി എ എസ് അസി. കൺട്രോളർ ദിലീപ് കുമാർ സംസാരിച്ചു. ജില്ലയിലും സമീപ പ്രദേശങ്ങളിലുമുള്ള സൈനിക പെൻഷൻകാരുടെ പരാതികൾ പരിഹരിക്കുന്നതിനും ലൈഫ് സർട്ടിഫിക്കറ്റ് ഐഡന്റിഫിക്കേഷൻ, സ്പർശ് വിവരങ്ങൾ, പരാതികൾ പരിഹരിക്കൽ, ബാങ്കിംഗ് സൗകര്യങ്ങൾ എന്നിവയ്ക്കായുള്ള സ്റ്റാളുകളും ക്രമീകരിച്ചിരുന്നു. പരിപാടി 28 നും തുടരും.



## മൽസ്യക്കൃഷി വിളവെടുപ്പ് നടത്തി

**കൊച്ചി:** ഉദയംപേരൂർ മത്സ്യഭവനു കീഴിൽ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ റ്റി പി ഹസ്സന്റെ പുരയിടത്തിൽ നടപ്പിലാക്കിയ ബയോഫ്ലോക് വന്നാമി മത്സ്യക്കൃഷിയുടെ വിളവെടുപ്പ് നടത്തി. ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിജു തോമസ് വിളവെടുപ്പ് ഉദ്ഘാടനം നിർവഹിച്ചു. കേരള സർക്കാർ ഫിഷറീസ് വകുപ്പ് 202223 സാമ്പത്തിക വർഷത്തിൽ പി.എം.എം.എസ്.വൈ പദ്ധതിയുടെ ഭാഗമായാണ് മത്സ്യകൃഷി ആരംഭിച്ചത്. ജലലഭ്യത കുറവുള്ള സ്ഥലങ്ങളിലും സ്വന്തമായി കുളങ്ങൾ ഇല്ലാത്ത ആളുകൾക്കും മത്സ്യകൃഷി ചെയ്യാൻ സാധിക്കുന്ന രീതിയിൽ ആവിഷ്കരിച്ച നൂതന കൃഷി രീതിയാണ് ബയോഫ്ലോക് മത്സ്യ കൃഷി. ജലത്തിലെ അമോണിയയെ നിയന്ത്രിച്ച് മത്സ്യത്തിന് ആവശ്യമായ സൂക്ഷ്മജീവികൾ അടങ്ങുന്ന ആഹാരം ടാങ്കിൽ തന്നെ ഉൽപാദിപ്പിച്ച് മത്സ്യം വളർത്തുന്ന രീതിയാണിത്. ജലത്തിന്റെയും കൃത്യമ തീറ്റയുടെയും അളവ് കുറയ്ക്കുകയും, എളുപ്പത്തിൽ തന്നെ മൊത്തമായും ഭാഗികമായും വിളവെടുക്കാനും ഈ കൃഷി രീതിയിലൂടെ സാധിക്കുന്നു.ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജയശ്രീ പത്മാകരൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഉദയംപേരൂർ മത്സ്യഭവൻ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ കെ വിഷ്ണു പദ്ധതി വിശദീകരണം നടത്തി. വാർഡ് മെമ്പർ അസീന ഷമൽ, ഉദയംപേരൂർ മത്സ്യഭവൻ പ്രൊജക്റ്റ് കോർഡിനേറ്റർ എ അക്ഷയ്, അക്വകൾച്ചർ കോർഡിനേറ്റർ ശ്യം ലാൽ, ആമ്പല്ലൂർ അക്വകൾച്ചർ പ്രൊമോട്ടർ രതീഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## കർഷകരെ രാഷ്ട്രസേവകരായി പ്രഖ്യാപിക്കണം; വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി



**കൊച്ചി:** 140 കോടി ജനങ്ങൾക്ക് അന്നം നൽകുന്ന കർഷകരെ രാഷ്ട്രസേവകരായി പ്രഖ്യാപിക്കണമെന്ന് വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി. സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറ്ദിന കർമ്മ പരിപാടിയുടെ ഭാഗമായി മറൈൻ ഡ്രൈവിൽ നടക്കുന്ന സഹകരണ എക്സ്പോയിലെ 'ആധുനിക കൃഷി സമ്പ്രദായം സഹകരണ മേഖലയുടെ ' എന്ന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സഹകരണ മേഖല പ്രശംസനീയമായ പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നതെന്നും മികച്ച പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന സഹകരണ വകുപ്പ് മന്ത്രിയെ അഭിനന്ദിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ലാഭത്തിലെ ഒരുവിഹിതം കർഷകർക്ക് അവകാശപ്പെട്ടതാണ്, അതിനുവേണ്ടി പ്രത്യേക നികുതി ചുമത്തി കാർഷിക ബഡ്ജറ്റ് കൊണ്ടുവരണം. പുതിയ കൃഷിരീതികളിലൂടെ ഉത്പാദനം വർദ്ധിപ്പിക്കണം. ശാസ്ത്രീയമായി കൃഷി ചെയ്താൽ സമ്പദ്ഘടനയിൽ വലിയ മാറ്റം സൃഷ്ടിക്കാനാകും, കേന്ദ്രസർക്കാരിന്റെ കാർഷിക നയത്തിൽ മാറ്റം വരുത്തണമെന്നും വാട്ടർ ഫേർട്ലൈസറിന് സബ്സിഡി നൽകണമെന്നും അദ്ദേഹം പറഞ്ഞു.ഹരിതവിപ്ലവം കാർഷിക മേഖലയിലെ ഒരു വലിയ കുതിച്ചുചാട്ടമായിരുന്നു. ശാസ്ത്രീയ രീതി അവലംബിച്ചുള്ള കൃഷി രീതി നമുക്ക് ആവശ്യമാണെന്നും സാമ്പത്തികമായി വിജയിക്കണമെങ്കിൽ ഉത്പാദനം വർദ്ധിപ്പിച്ച് ഉത്പാദനചെലവ് കുറയ്ക്കണമെന്നും കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. പ്രേമ പറഞ്ഞു. ചർച്ചയിൽ ഡെപ്യൂട്ടി രജിസ്ട്രാർ ടി. അയ്യപ്പൻ നായർ, ഡോ. പ്രേമ,( പ്രൊഫസർ & ഹെഡ് ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രിക്കൾച്ചറൽ ഇക്കണോമിക്സ്, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി), സംസ്ഥാന ആസൂത്രണ ബോർഡ് അഗ്രി ചീഫ് എസ്.എസ് നാഗേഷ്, കർഷക അവാർഡ് ജേതാവ് ഷിമി ഷാജി, കഞ്ഞിക്കുഴി എസ്.സി.ബി പ്രസിഡന്റ് അഡ്വ. സന്തോഷ്, അസിസ്റ്റന്റ് രജിസ്ട്രാർ എം.പി. അനിൽകുമാർ എന്നിവർ പങ്കെടുത്തു.

## കോട്ടുവള്ളിയിൽ മില്ലറ്റ് വേൾഡ് പദ്ധതിക്ക് തുടക്കമായി




**കൊച്ചി:** 2023 അന്താരാഷ്ട്ര ചെറുധാന്യ വർഷമായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചതിന്റെ ഭാഗമായി കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് ചെറു ധാന്യകൃഷി പ്രോത്സാഹന പ്രവർത്തനങ്ങൾ ആരംഭിച്ചു. മില്ലറ്റ് വേൾഡ് പദ്ധതി എന്ന പേരിൽ ഗ്രാമ പഞ്ചായത്തിലെ തരിശായി കിടക്കുന്ന മുഴുവൻ കൃഷിയിടങ്ങളിലും ചെറുധാന്യകൃഷി വ്യാപിപ്പിക്കുവാനുള്ള പരിശ്രമത്തിലാണ് കോട്ടുവള്ളി ഗ്രാമപഞ്ചായത്തും കൃഷിഭവനും. മുൻപ് ഗ്രാമങ്ങളിൽ ധാരാളം ചെറു ധാന്യങ്ങൾ കൃഷി ചെയ്തിരുന്നു. പൊക്കാളിപ്പാട ങ്ങളുടെ ചിറകളിൽ റാഗിയും മണിച്ചോളവും ധാരാളം കൃഷി ചെയ്തിരുന്നു. എന്നാൽ ഇന്ന് അവ വംശനാശ ഭീഷണിയുടെ വക്കിലാണ്. അവയെ മില്ലറ്റ് വേൾഡ് പദ്ധതിയിലൂടെ തിരിച്ചു കൊണ്ടുവരുവാനുള്ള പരിശ്രമത്തിലാണ്

കോട്ടുവള്ളി ഗ്രാമപഞ്ചായത്തും കൃഷിഭവനും. കോട്ടുവള്ളിയിലെ ഉപ്പു കലർന്ന മണൽ മണ്ണിൽ ചെറുധാന്യങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ചെയ്തപ്പോൾ നൂറുമേനി വിളവുലഭിച്ചു. കൂടുതൽ സ്ഥലങ്ങളിലേക്ക് ചെറു ധാന്യകൃഷി വ്യാപിപ്പിക്കുകയും, കൃഷിയിടങ്ങളിൽ വിളയുന്ന ചെറു ധാന്യങ്ങൾ സംസ്ക്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനായി പ്രാർത്ഥനാ ഫൗണ്ടേഷന്റെയും ജൈവരാജ്യം ഓർഗാനിക് ഫാമിന്റെയും സഹകരണത്തോടെ മില്ലറ്റ് പ്രോസസിംഗ് സെന്ററും മില്ലറ്റ് അടുക്കളയും സ്ഥാപിക്കുവാനുള്ള തയാറെടുപ്പുകൾ ആരംഭിച്ചു. അട്ടപ്പാടിയിലെ കർഷകർ വിളയിച്ച ചെറുധാന്യങ്ങളാണ് കോട്ടുവള്ളിയിൽ കൃഷി ചെയ്യുന്നത്. കൂനമ്മാവ് ചാവറ വൊക്കേഷണൽ ട്രെയ്നിംഗ് സെന്ററിൽ നടന്ന വിത്തുവിത കോട്ടുവള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. ഷാജി ഉദ്ഘാടനം ചെയ്തു. എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ മില്ലറ്റ് ഉൽപ്പാദിപ്പിക്കുന്ന പഞ്ചായത്തായി കോട്ടുവള്ളിയെ മാറ്റുമെന്ന് അദ്ദേഹം പറഞ്ഞു.ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിജാ വിജു, ഗ്രാമപഞ്ചായത്തംഗം ജിജോ തോട്ടകത്ത്, ഫാദർ. ജോഷി ക്കോഴിക്കോട് ചാവറ സി എം ഐ, പ്രാർത്ഥനാ ഫൗണ്ടേഷൻ വോളന്റിയർ ജയകൃഷ്ണൻ. കൃഷി അസിസ്റ്റന്റു മാരായ എസ്.കെ. ഷിനു, എ.എ. അനസ്, കൂനമ്മാവ് സെന്റ്. ട്രീസാസ് കോൺവെന്റ് മദർസുപീരിയർ സിസ്റ്റർ ജിൻസിജ, ചാവറ സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ജിത, ചാവറ വൊക്കേഷണൽ ട്രെയ്നിംഗ് സെന്റർ പ്രിൻസിപ്പൽ സിസ്റ്റർ ജയ മരിയ, കാർഷിക വികസന സമിതി അംഗങ്ങളായ എൻ. സോമസുന്ദരൻ, കെ.ജി. രാജീവ്, ഷാജു മാളോത്ത് രാജു, ജോസഫ് വാഴുവേലിൽ, കർഷകർ വിദ്യാർത്ഥികൾ, അദ്ധ്യാപകർ രക്ഷകർത്താക്കൾ തുടങ്ങിയവർ പങ്കെടുത്തു.

# കൊച്ചിയിലെ രണ്ടാമത്തെ ഹോട്ടൽ പ്രഖ്യാപിച്ച് താജ്

## നൂറ്റാണ്ട് പിന്നിടുന്ന താജ് ബ്രാൻഡിന്റെ നൂറാമത്തെ ഹോട്ടൽ




**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഹോസ്പിറ്റാലിറ്റി കമ്പനിയായ ഇന്ത്യൻ ഹോട്ടൽസ് കമ്പനിയുടെ (ഐഎച്ച്സിഎൽ), ലോകപ്രശസ്ത ബ്രാൻഡായ താജ് നൂറാമത്തെ ഹോട്ടൽ തുറക്കുന്നതായി പ്രഖ്യാപിച്ചു.112 മുറികളുള്ള പുതിയ ഹോട്ടൽ കൊച്ചി വിമാനത്താവളത്തിന് അടുത്ത് തന്നെയാണ് സ്ഥിതി ചെയ്യുന്നത്. ഓൾ ഡേ ഡൈനർ, ബാർ, ലോഞ്ച്, ഓപ്പൺ എയർ സ്പെഷ്യാലിറ്റി റെസ്റ്റോറൻറ് തുടങ്ങിയ സൗകര്യങ്ങൾ ഹോട്ടലിലുണ്ടാകും. ബാങ്ക്വറ്റിങ് സ്പെയിസുകൾ, മീറ്റിംഗ് റൂമുകൾ, സ്പാ, നീന്തൽക്കുളം, ജിംനേഷ്യം എന്നിവയും ഇതിൽ ഉൾപ്പെടും.താജ് പോർട്ട്ഫോളിയോ ഇന്ത്യയിലുടനീളവും പ്രധാന അന്താരാഷ്ട്ര കേന്ദ്രങ്ങളിലുമായി 100 ഹോട്ടലുകൾ വാഗ്ദാനം ചെയ്യുന്നതിനാൽ ഇത് ഒരു സുപ്രധാന സന്ദർഭമാണെന്ന് ഐഎച്ച്സിഎൽ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ പുനീത് ഛത്വാൾ പറഞ്ഞു. ഈ വളർച്ച ഞങ്ങളുടെ പങ്കാളികൾ സ്ഥിരമായി ഞങ്ങളിൽ അർപ്പിക്കുന്ന അചഞ്ചലമായ വിശ്വാസത്തിൻറെ തെളിവാണ്. ഈ യാത്രയിൽ ഞങ്ങളെ പിന്തുണച്ച ഞങ്ങളുടെ എല്ലാ പങ്കാളികൾക്കും അതിഥികൾക്കും ജീവനക്കാർക്കും നന്ദി പറയാൻ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.നഗരത്തിലെ ഞങ്ങളുടെ രണ്ടാമത്തെ താജ് ഹോട്ടലിന് ധാരണയായതോടെ, തുറമുഖ നഗരമായ കൊച്ചിയിൽ മറ്റൊരു വിലാസം വാഗ്ദാനം ചെയ്യാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇതിനായി കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ടുമായി സഹകരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.1903ൽ സ്ഥാപിതമായ താജിൻറെ ആധുനിക ബിസിനസ്സ് ഹോട്ടലുകൾ മുതൽ മനോഹരമായ ബീച്ച് റിസോർട്ടുകളും ആധികാരികവും ഗംഭീരവുമായ കൊട്ടാരങ്ങളും വരെയുള്ള ലോകപ്രശസ്തമായ ഹോട്ടലുകൾ ഓരോന്നും ഊഷ്മളമായ ഇന്ത്യൻ ആതിഥ്യമര്യാദയുടെയും ലോകോത്തര സേവനത്തിൻറെയും സമാനതകളില്ലാത്ത സംയോജനം വാഗ്ദാനം ചെയ്യുന്നവയാണ്. ബ്രാൻഡ് ഫിനാൻസ് ഹോട്ടൽസ് 50 റിപ്പോർട്ട് 2022, ഇന്ത്യ 100 റിപ്പോർട്ട് 2022 എന്നിവ പ്രകാരം ലോകത്തിലെ ഏറ്റവും ശക്തമായ ഹോട്ടൽ ബ്രാൻഡായും ഇന്ത്യയിലെ ഏറ്റവും ശക്തമായ ബ്രാൻഡായും താജ് റാങ്ക് ചെയ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.ദക്ഷിണേന്ത്യയിലെ പ്രധാന വാണിജ്യ കേന്ദ്രമായ കൊച്ചി സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന് പേരുകേട്ടതാണ്. കേരളത്തിൻറെ തെക്കുപടിഞ്ഞാറൻ തീരത്തുള്ള മനോഹരമായ ബീച്ചുകളുള്ള ഈ നഗരം ഇന്ത്യയിൽ ഏറ്റവുമധികം ആളുകൾ സന്ദർശിക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നാണ്.പുതിയ ഹോട്ടൽ കൂടി വരുന്നതോടെ ഐഎച്ച്സിഎല്ലിന് താജ്, സെലക്ഷൻസ്, വിവാന്ത, ജിഞ്ചർ ബ്രാൻഡുകളിലായി കേരളത്തിലെമ്പായുമായി 17 ഹോട്ടലുകളുണ്ടാകും. പണി പൂർത്തിയായി വരുന്ന അഞ്ചെണ്ണം ഉൾപ്പെടെയാണിതെന്നും പുനീത് ഛത്വാൾ പറഞ്ഞു.കൂടുതൽ അറിയുന്നതിന് tajhotels.com സന്ദർശിക്കുക

# എസ്ബിഐ ലൈഫ് ഇൻഷുറൻസിന് 29,589 കോടിയുടെ പുതിയ ബിസിനസ് പ്രീമിയം

**കൊച്ചി:** രാജ്യത്തെ മുൻനിര ലൈഫ് ഇൻഷുറൻസ് കമ്പനികളിലൊന്നായ എസ്ബിഐ ലൈഫ് ഇൻഷുറൻസ് ഇക്കഴിഞ്ഞ മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ 29,589 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയം നേടി. മുൻവർഷമിതേ കാലയളവിലെ 25,457 കോടി രൂപയേക്കാൾ 17 ശതമാനം വർധനയാണിത്.എസ്ബിഐ ലൈഫിൻറെ പ്രൊട്ടക്ഷൻ ന്യൂ ബിസിനസ് പ്രീമിയം ഈ കാലയളവിൽ മുൻവർഷത്തേക്കാൾ 19 ശതമാനം വർധനയോടെ 3,636 കോടി രൂപയിലെത്തി. വ്യക്തിഗത സംരക്ഷണത്തിനുള്ള പുതിയ ബിസിനസ് പ്രീമിയം 6 ശതമാനം വളർച്ചയോടെ 996 കോടി രൂപയായി. വ്യക്തിഗത ന്യൂ ബിസിനസ് പ്രീമിയം ഇക്കഴിഞ്ഞ മാർച്ച് 31ന് മുൻവർഷമിതേ കാലയളവിലേതിനേക്കാൾ 27 ശതമാനം വളർച്ചയോടെ 20,906 കോടി രൂപയിലെത്തി. വിപണി വിഹിതം 24.3 ശതമാനമാണ്.ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ അറ്റാദായം 1,721 കോടി രൂപയാണ്. കമ്പനിയുടെ സോൾവൻസി അനുപാതം 1.50 എന്ന റെഗുലേറ്ററി ആവശ്യകതയേക്കാൾ 2.15 എന്ന ശക്തമായ നിലയിൽ തുടരുന്നു.എസ്ബിഐ ലൈഫ് മാനേജ് ചെയ്യുന്ന ആസ്തിയുടെ വലുപ്പം 2023 മാർച്ച് 31ന് 3,07,339 കോടി രൂപയാണ്. മുൻവർഷമിതേ കാലയളവിലിത് 2,67,409 കോടി രൂപയായിരുന്നു. വളർച്ച 15 ശതമാനം. ഡെറ്റ്, ഇക്വിറ്റി അനുപാതം 71:29 ആണ്. കടംഉപകരണങ്ങളിൽ 94 ശതമാനത്തിനും 'ട്രിപ്പിൾ എ' റേറ്റിംഗ് ഉണ്ട്.വളരെ വിപുലമായ കമ്പനിയുടെ വിതരണ ശൃംഖലയിൽ പരിശീലനം ലഭിച്ച 2,75,374 പ്രഫഷണലുകൾ ഉൾപ്പെടുന്നു. ബാങ്കഷ്വറൻസ്, ഏജൻസി, കോർപറേറ്റ് ഏജൻറുമാർ, ബ്രോക്കേഴ്സ്, വെബ് അഗ്രിഗേറ്റർമാർ, ഇൻഷുറൻസ് വിപണന സ്ഥാപനങ്ങൾ, പോയിൻറ് ഓഫ് സെയിൽസ് തുടങ്ങി രാജ്യത്തൊട്ടാകെ കമ്പനിക്ക് 992 ഓഫീസുകളുണ്ട്.

# പുതിയ ബൊലേറോ മാക്സ് പിക്ക്അപ്പ് ശ്രേണിയുമായി മഹീന്ദ്ര




**കൊച്ചി:** ഇന്ത്യയിലെ പിക്ക്അപ്പ് വിഭാഗത്തെ മാറ്റി മറിക്കാൻ ഒരുങ്ങി മഹീന്ദ്ര പുത്തൻ പുതിയ ബൊലേറോ മാക്സ് പിക്ക്അപ്പ് ശ്രേണി അവതരിപ്പിച്ചു. മൈലേജ്, പ്രകടനം, സൗകര്യം, സുരക്ഷ, ഉൽപാദക്ഷമത തുടങ്ങിയവയിലെ മുന്നേറ്റങ്ങളിലൂടെ കൂടുതൽ ലാഭക്ഷമതയിലേക്കു കൊണ്ടു പോകുന്നതാണിതെന്നും ഈ വിഭാഗത്തിൽ ഇതാദ്യമായി 1.3 ടൺ മുതൽ 2 ടൺ വരെയുള്ള പേലോഡ് ശേഷികളിൽ 3050 എംഎം കാർഗോ ബെഡ് ആണ് ഇതിനുള്ളതെന്നും എം ആന്റ് എം ഓട്ടോമോട്ടീവ് ഡിവിഷൻ പ്രസിഡൻറ് വീജെ നക്ര പറഞ്ഞു. പുതിയ എം2ഡിഐ എഞ്ചിന്റെ മികച്ച ശക്തിയും ടോർക്കും വലിയ ലോഡുകൾ പോലും ലളിതമായി കൈകാര്യം ചെയ്യാൻ ഇതിനെ പ്രാപ്തമാക്കുന്നു. മൊബൈൽ ആപ്പിൽ ആറു ഭാഷകളിലായി 50ൽ ഏറെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനാവുന്ന ഐമാക്സ് കണക്ടിവിറ്റിയും ഇതിനുണ്ട്. എച്ച്ഡി സീരീസ്, സിറ്റി സീരീസ് എന്നീ രണ്ട് സീരീസുകളിൽ ബൊലേറോ മാക്സ് പിക്ക്അപ്പ് ലഭ്യമാണ്. 7.85 ലക്ഷം രൂപ മുതലാണ് എക്സ് ഷോറൂം വില. ലളിതവും കൂടുതൽ ഒതുങ്ങിയവും വൈവിധ്യമാർന്നതുമായ ബൊലേറോ മാക്സ് പിക്ക്അപ്പ് ശ്രേണി പേലോഡ് ശേഷിയുടെ കാര്യത്തിൽ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുകയാണ്. 24,999 രൂപ ഡൗൺ പെയ്മെൻറുമായി ഇത് ബുക്കു ചെയ്യാം. ആകർഷകമായ വായ്പാ പദ്ധതികളും മഹീന്ദ്ര ഇതിനായി ഒരുക്കുന്നുണ്ട്. മെയ്ക്ക് ഇന്ത്യ നീക്കങ്ങളോട് കമ്പനിക്കു വലിയ പ്രതിബദ്ധതയാണ് ഉള്ളതെന്നും വീ ജെ നക്ര പറഞ്ഞു. ഉപഭോക്തൃ കേന്ദ്രീകൃതമായിരിക്കുന്നതിന് ഒപ്പം ഇന്ത്യയുടെ സമ്പദ്ഘടനയ്ക്ക് പിന്തുണ നൽകാനുള്ള തങ്ങളുടെ പ്രതിബദ്ധത കൂടി ഇവിടെ ദൃശ്യമാണെന്നും, അത്യാധുനീക സൗകര്യങ്ങൾ, അതുല്യമായ ശക്തി, പരമാവധി പേ ലോഡ് തുടങ്ങിയവയും ഉയർന്ന മൈലേജും നൽകുന്നതാണ്പുതിയ ബൊലേറോ മാക്സ് പിക്ക്അപ്പ് ശ്രേണിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കാറിന്റേതു പോലുള്ള ഐമാക്സ് കണക്ടിവിറ്റി ഈ വിഭാഗത്തിൽ ഇതാദ്യമാണെന്ന് എം ആൻറ് എം ഓട്ടോമോട്ടീവ് ടെക്നോളജി ആൻറ് പ്രൊഡക്ട് ഡെവലപ്മെൻറ് വിഭാഗം പ്രസിഡൻറ് ആർ വേലുസ്വാമി പറഞ്ഞു. മഹീന്ദ്ര റിസർച്ച് വാലിയിലെ എഞ്ചിനീയർമാരുടെ മൂന്ന് വർഷത്തെ നൂതന പ്രവർത്തനങ്ങളുടെ ഫലമാണ് ബൊലേറോ മാക്സ് പിക്ക്അപ്പ് ശ്രേണിയുടെ വൈവിധ്യമാർന്ന പുതിയ പ്ലാറ്റ്ഫോമിൻറെ വികസനമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ; രജിസ്ട്രേഷൻ ഇന്നു കൂടി

**കൊച്ചി:** ടൂറിസം വകുപ്പിന്റെ പിന്തുണയോടെ മേയ് ഒന്നിന് കൊച്ചിയിൽ നടക്കുന്ന പ്രഥമ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്കായി ഇന്നു കൂടി രജിസ്റ്റർ ചെയ്യാം. www.kochimarathon.in എന്ന സൈറ്റിൽ ഓൺലൈനായാണ് രജിസ്റ്റർ ചെയ്യേണ്ടത്. മാരത്തൺ (42 കി.മീ), ഹാഫ് മാരത്തൺ (21 കി.മി), 10 കി.മി, മൂന്ന് കി.മീ (ഗ്രീൻ റൺ) എന്നീ നാലു വിഭാഗങ്ങളിലായാണ് പങ്കെടുക്കാൻ അവസരമുള്ളത്. 10 ലക്ഷം രൂപയുടെ സമ്മാനങ്ങളാണ് വിജയികളെ കാത്തിരിക്കുന്നത്. ക്ലിയോനെറ്റ്, സ്പോർട്സ്പ്രോ എന്നിവരാണ് മുഖ്യ സംഘാടകർ.ഇന്ത്യയിലെ ഏറ്റവും വലിയ ഓട്ടമത്സരങ്ങളിലൊന്നായി മാറാനിരിക്കുന്ന കൊച്ചി മാരത്തൺ എല്ലാ വർഷവും സംഘടിപ്പിക്കുന്നതിലൂടെ കൊച്ചിയെ മികച്ചൊരു കായിക വിനോദ കേന്ദ്രമാക്കി മാറ്റുകയാണ് ലക്ഷ്യം. ഇത് കേരളത്തിന്റെ പൊതുഖജനാവിനും നേട്ടമാകും. ശാരീരിക ആരോഗ്യത്തോടൊപ്പം സാമ്പത്തിക ആരോഗ്യവും നല്ലരീതിയിൽ പരിപാലിക്കുന്ന ശീലം വളർത്തിയെടുക്കാൻ തലമുറകളെ പ്രചോദിപ്പിക്കുകയാണ് ഈ പങ്കാളിത്തത്തിലൂടെ ഫെഡറൽ ബാങ്ക് ലക്ഷ്യമിടുന്നതെന്ന് ചീഫ് മാർക്കറ്റിങ് ഓഫീസർ എം വി എസ് മൂർത്തി പറഞ്ഞു.

# സാമന്ത റൂത്ത് പ്രഭു പെപ്സിയുടെ ബ്രാൻഡ് അംബാസിഡർ




**കൊച്ചി:** പെപ്സിയുടെ പുതിയ ബ്രാൻഡ് അംബാസിഡറായി തെന്നിന്ത്യൻ നടി സാമന്ത റൂത്ത് പ്രഭുവിനെ പ്രഖ്യാപിച്ചു.പെപ്സി അവതരിപ്പിക്കുന്ന റൈസ് അപ്പ് ബേബി ക്യാമ്പയിന് സാമന്ത നേതൃത്വം നൽകും.സമൂഹം സ്ത്രീകൾക്കായി നിശ്ചയിച്ചിട്ടുള്ള സ്റ്റീരിയോടൈപ്പുകളെ തകർത്തുകൊണ്ട് അവരുടെ മനസ്സ് പറയുതിനെയാണ് പിന്തുടരേണ്ടത്. ഈ കാമ്പയിനിലൂടെ പുതു തലമുറയിലെ സ്ത്രീകളെ അത്തരത്തിൽ ശാക്തീകരിക്കാനാണ് ശ്രമിക്കുന്നതെന്നും പെപ്സി റൈസ് അപ് ബേബി കാമ്പയിനുമായി സഹകരിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും നടി സാമന്ത റൂത്ത് പ്രഭു പറഞ്ഞു

# കൊച്ചി മാരത്തൺ ഒരുക്കങ്ങൾ പൂർത്തിയായി ; റൂട്ട് പ്രഖ്യാപിച്ചു

**കൊച്ചി:** മെയ് ഒന്നിന് നടക്കുന്ന പ്രഥമ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ ഒരുക്കങ്ങൾ പൂർത്തിയായി. മാരത്തൺ റൂട്ട്, മെഡൽ, ടീ ഷർട്ട് എന്നിവ അനാവരണം ചെയ്തു. 42.195 കി.മീ മാരത്തൺ, 21.097 കി .മീ ഹാഫ് മാരത്തൺ, 10 കി.മീ, 3 കി.മീ ഗ്രീൻ റൺ എന്നീ വിഭാഗങ്ങളിലാണ് മാരത്തൺ നടക്കുക.മാരത്തൺ പുലർച്ചെ 4 മണിക്ക് മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ ഫ് ളാഗ് ഓഫ് ചെയ്യും. എം ജി റോഡ് വഴി തേവര ജംഗ്ഷൻ, ഓൾഡ് തേവര റോഡ്, ചർച്ച് ലാൻഡിംഗ് റോഡ്, ഫോർഷോർ റോഡ്, മറൈൻ ഡ്രൈവ്, ഗോശ്രീ പാലം ജംഗ്ഷനിൽ നിന്നും ചാത്യാത് വാക്ക് വേ വഴി തിരിഞ്ഞ് ഗോശ്രീ പാലം കയറി കണ്ടെയിനർ റോഡ് വഴി ചേരാനല്ലൂർ ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് കണ്ടെയിനർ റോഡ് വഴി മറൈൻ ഡ്രൈവ്, ഫോർഷേർ റോഡ്, ഹോസ്പിറ്റൽ റോഡ് വഴി മഹാരാജാസ് ഗ്രൗണ്ടിൽ സമാപിക്കും. മാരത്തൺ റൂട്ടിന് വേൾഡ് അത്‌ലെറ്റിക്സിന്റെ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. ഹാഫ് മാരത്തൺ രാവിലെ 5 മണിക്കും, 10 കിമീ മാരത്തൺ 6 മണിക്കും, 3 കിമീ ഗ്രീൻ റൺ 7 മണിക്കും ആരംഭിക്കും. ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ മെഡലുകളും, ടീ ഷർട്ടും ചടങ്ങിൽ പ്രകാശനം ചെയ്തു. നെറ്റിപ്പട്ടം മാതൃകയിലാണ് ഫിനിഷേഴ്സ് മെഡൽ രൂപകൽപന ചെയ്തിരിക്കുന്നത്. നിശ്ചയദാർഢ്യത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും പ്രതീകമെന്നോണം കേരളത്തിന്റെ മൂല്യങ്ങളുമായി ഇഴചേർന്ന ആശയങ്ങളുടെ പ്രതിഫലനമാണ് മെഡൽ. 18 സംസ്ഥാനങ്ങളിൽ നിന്നുള്ള മികച്ച അത്‌ലറ്റുകളുടെ സാന്നിധ്യം കൊണ്ട് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ ദേശീയ ഇവന്റായി മാറുമെന്ന് റേസ് ഡയറക്ടർ ശബരി നായർ പറഞ്ഞു.ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ ജനപങ്കാളിത്തം കൊണ്ട് തന്നെ ശ്രദ്ധ നേടുമെന്ന് ഫെഡറൽ ബാങ്ക് ഡെപ്യൂട്ടി വൈസ് പ്രസിഡന്റും എറണാകുളം റീജ്യണൽ ഹെഡുമായ മോഹനദാസ് ടി.എസ് പറഞ്ഞു. സിഎഫ്ഒ ഉൾപ്പെടെ ഫെഡറൽ ബാങ്കിലെ 500ഓളം ജീവനക്കാർ മാരത്തണിൽ ഓടുമെന്നും അദ്ദേഹം അറിയിച്ചു.മാരത്തൺ സുരക്ഷിതമായി നടത്തുന്നതിന് വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി സംഘാടകർ അറിയിച്ചു. ഹോൾഡിംഗ് ഏരിയയിൽ ബേസ് മെഡിക്കൽ ക്യാമ്പും മാരത്തൺ റൂട്ടിൽ ആറ് മെഡിക്കൽ സ്റ്റേഷനുകളും സജ്ജീകരിക്കുമെന്ന് ഔദ്യോഗിക മെഡിക്കൽ ഡയറക്ടറും ആസ്റ്റർ മെഡ്സിറ്റി എമർജൻസി മെഡിസിൻ വിഭാഗം മേധാവിയുമായ ഡോ. ജോൺസൺ കെ വർഗീസ് പറഞ്ഞു. അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിനായി മൂന്ന് ആംബുലൻസുകളുടെ സേവനവും ഒരുക്കും. എല്ലാ വോളന്റിയർമാർക്കും അടിയന്തര പരിചരണങ്ങളിലും സിപിആർ പോലുള്ള പ്രക്രിയകളിലും പരിശീലനം നൽകിയിട്ടുണ്ടെന്നും ഡോ. ജോൺസൺ അറിയിച്ചു.ഗ്രീൻ ബയോ പ്രൊഡക്ട്സിനെ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ ഗ്രീൻ പാർട്ണറായി പ്രഖ്യാപിച്ചു. മാരത്തൺ ബാക്കി വെക്കുന്ന എല്ലാ മാലിന്യങ്ങളും ഗ്രീൻ ബയോ പ്രൊഡക്ട്സിന്റെ സർക്കാർ അംഗീകൃത സിപിസിബി സർട്ടിഫൈഡ് കംപോസ്റ്റബിൾ ഗാർബേജ് ബാഗിൽ ആയിരിക്കും ശേഖരിക്കുക. കൂടാതെ പ്ലാസ്റ്റിക് ഇതര കംപോസ്റ്റബിൾ ഉത്പന്നങ്ങൾ പരിചയപെടുത്തുന്നതിനായി മാരത്തണിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഗ്രീൻ ബയോ പ്രൊഡക്ട്സിന്റെ 180 ദിവസം കൊണ്ട് ജൈവ സംസ്കരണം സാധ്യമാക്കുന്ന കംപോസ്റ്റബിൾ ഗാർബേജ് ബാഗുകൾ സൗജന്യമായി നൽകുമെന്ന് ഗ്രീൻ ബയോ പ്രൊഡക്ട്സിന്റെ ഡോ. സിനി പ്രദീപ് അറിയിച്ചു. മാരത്തണിന്റെ സ്പോർട്ടി ഫാഷൻ പങ്കാളിയായ ഡിബോംഗോ ബ്രാൻഡ് ഉടമയായ വികെസി ഗ്രൂപ്പിന്റെ മാർക്കറ്റിങ് എജിഎം ബ്ലെസ്സൻ ജോസഫ്, ക്ലിയോസ്പോർട്സ് ഡയറക്ടർമാരായ അനീഷ് കെ. പോൾ, ബൈജു പോൾ, സ്പോർട്സ്പ്രോ ഡയറക്ടർ എം.ആർ.കെ. ജയറാം, ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ പ്രൊജക്ട് ഹെഡ് വിപിൻ നമ്പ്യാർ തുടങ്ങിയവർ പങ്കെടുത്തു.



# ജോബ്ഫെയർ; രജിസ്ട്രേഷൻ മെയ് 13 വരെ

IT Kerala
www.keralait.org

**കോഴിക്കോട:** മലബാറിൽ ഐ.ടി മേഖലയിൽ ഒട്ടേറെ തൊഴിലവസരങ്ങളുമായി കോഴിക്കോട് സർക്കാർ സൈബർപാർക്കിൽ ജോബ് ഫെയർ. മെയ് 13, 14 തീയതികളിൽ നടക്കുന്ന ജോബ് ഫെയറിൽ 1500ഓളം തൊഴിലവസരങ്ങളാണ് ഒരുങ്ങുന്നത്. ഇതുവരെ 65 കമ്പനികളും 5000ത്തിലധികം ഉദ്യോഗാർത്ഥികളും രജിസ്റ്റർ ചെയ്തു. രജിസ്ട്രേഷൻ മെയ് 13 വരെ തുടരും. പങ്കെടുക്കാൻ താൽപര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് https://reboot.cafit.org.in/registration എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം.മലബാറിലെ ഐ.ടി കമ്പനികളുടെ കൂട്ടായ്മയായ കാഫിറ്റും സർക്കാർ സൈബർപാർക്കും ചേർന്നൊരുക്കുന്ന റീബൂട്ട് 2023 ജോബ് ഫെയറിൽ യു.എൽ സൈബർപാർക്ക്, ഹൈലൈറ്റ് ബിസ്നസ് പാർക്ക്, കിൻഫ്ര ഐ.ടി പാർക്ക് എന്നിവിടങ്ങളിലെ വിവിധ കമ്പനികളും മലബാർ മേഖലയിലെ മറ്റ് വിവിധ ഐ.ടി കമ്പനികളും സഹകരിക്കുന്നുണ്ട്. 2022ൽ നടന്ന റീബൂട്ട് 2022 ജോബ് ഫെയർ വഴി 800ലധികം തൊഴിലവസരങ്ങളാണ് കഴിഞ്ഞ വർഷം ഒരുങ്ങിയത്.

# റുപ്പീ വോസ്ട്രോ അക്കൗണ്ട്സ് അവതരിപ്പിച്ച് ഐസിഐസിഐ ബാങ്ക്

ICICI Bank

**കൊച്ചി:** ഇന്ത്യൻ രൂപയിൽ കയറ്റുമതിഇറക്കുമതി ഇടപാടുകൾ പൂർത്തിയാക്കുവാൻ സഹായിക്കുന്ന റുപ്പീ വോസ്ട്രോ അക്കൗണ്ട്സ് ഐസിഐസിഐ ബാങ്ക് അവതരിപ്പിച്ചു. ഇൻവോയ്സിംഗ്, പേയ്മെൻറ്, സെറ്റിൽമെൻറ് എന്നിവയ്ക്കായി ഇന്ത്യൻ രൂപ ഉപയോഗിക്കാമെന്നതിനാൽ ഇന്ത്യൻ കയറ്റുമതിക്കാരും ഇറക്കുമതിക്കാരും അവരുടെ ഇടപാടുകളിലെ വിദേശ കറൻസി റിസ്ക് കുറയ്ക്കുവാൻ ഇതു സഹായിക്കുമെന്ന് ഐസിഐസിഐ ബാങ്ക്, ലാർജ് ക്ലയൻറ്സ് ഗ്രൂപ്പ് മേധാവി  സുമിത് സംഘായ് പറഞ്ഞു.ഇന്ത്യയുടെ 2023 വിദേശ വ്യാപാര നയം, ഇൻവോയിസ്, പേമെൻറ്, ഇന്ത്യൻ രൂപയിൽ കയറ്റിറക്കുമതി ഇടപാടിൻറെ പൂർത്തിയാക്കൽ തുടങ്ങിയവ സംബന്ധിച്ച റിസർവ് ബാങ്കിൻറെ ചട്ട പ്രകാരമാണ് വോസ്ട്രോ അക്കൗണ്ട്സ് ബാങ്ക് അവതരിപ്പിച്ചിട്ടുള്ളത്. യുഎസ് ഡോളർ, യൂറോ മറ്റു കറൻസികൾക്കു പുറമേയാണ് രൂപയിൽ ഇടപാടു പൂർത്തിയാക്കുവാൻ അനുവദിച്ചിട്ടുള്ളത്.  ഇന്ത്യയിലെ അംഗീകകൃത ഡീലർ ബാങ്കുകൾക്ക് വിദേശരാജ്യത്തെ കറസ്പോണ്ടൻറ് ബാങ്കിൻറെ റുപ്പീ വോസ്ട്രോ അക്കൗണ്ടുകൾ തുറക്കാനാകും. അതുവഴി രൂപയിൽ വ്യാപാര ഇടപാടുകൾ സുഗമമായി പൂർത്തിയാക്കുവാൻ സാധിക്കുന്നു. യുഎസ്എ, കാനഡ, യുഎഇ, സൗദി അറേബ്യ, യുകെ, ജർമനി, മലേഷ്യ തുടങ്ങി 29 രാജ്യങ്ങളിൽനിന്നുള്ള നൂറിലധികം റൂപ്പീ വോസ്ട്രോ അക്കൗണ്ടുകൾ ഐസിഐസിഐ ബാങ്കിൽ തുറന്നിട്ടുണ്ട്.  കയറ്റുമതിക്കാരും ഇറക്കുമതിക്കാരുടെ വിദേശ കറൻസി വിനിമയ അപകടസാധ്യത കുറയ്ക്കുവാനും അന്താരാഷ്ട്ര വ്യാപാര സെറ്റിൽമെൻറുകൾ വേഗത്തിലാക്കുവാനും റുപ്പീ വോസ്ട്രോ അക്കൗണ്ട്സ് സഹായിക്കുമെന്നും സുമിത് സംഘായ് പറഞ്ഞു.

